


പരിശുദ്ധ വ്യാകുലദേവമാതാവ്.

(തിരുനാൾ സെപ്റ്റംബർ 18)

# കർമ്മലകുസുമം.

പുസ്തകം ൨൭.)   സെപ്റ്റംബർ.   (ലക്കം ൯.


## വ്യാകുലമാതാ കീർത്തനം.

(ക. നി. മൂ. സ. ബ. മാണിക്കത്തനാർ.)

(നിനക്കായെൻ ജീവനെ. . എന്ന മട്ട്.)

തിരുസ്ലീവാമരത്തിൽനിന്നുള്ള — സ്വരത്തെയോർക്ക നീ മറിയേ!

1 "നിനക്കിവൻമകൻ, നിനക്കിവളമ്മ"
നിനക്കുകേശുവിൻ വചനം.
മറന്നിതൊക്കെ വ്യാപരിച്ചു ഞാനതു
മറന്നിടേണമേ സദയം. (തിരു.

2 ക്ഷമിസ്കു കീഴിൽഞാൻ പിഴച്ചതൊക്കെ
സമസ്തവും ക്ഷമിക്കണമെ. (ശം
ശമിക്കണംകോപമതിന്നു നിൻപുത്ര-
സമക്ഷമൊന്നണഞ്ഞണമേ. (തിരു.

3 മരിച്ചിടുമ്പോഴേ കരത്തിലെന്നെനീ-
യെടുത്തു മോക്ഷമാം ഭവനേ
ഇരുത്തിയന്തമററിരിക്കുമാനന്ദ-
മെനിക്കു തന്നരുളണമേ. (തിരു.

4 കൃപ നിറഞ്ഞെഴും മറിയമേ നിന്റെ
ശരണമാശ്രയിച്ചവരിൽ
സപദി നന്മകൾ ലഭിച്ചിടാതെ ക-
ണ്ടെരുവനില്ല കേൾധരയിൽ. (തി.

# പ്രസാധകക്കുറിപ്പുകൾ.

### ദൈവജനനിയുടെ പിറവി തിരുനാൾ.

ചങ്ങനാശേരി രൂപതയുടെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കാ മോൺസിഞ്ഞോർ ജേക്കബ് കല്ലറക്കൽ അവർകൾ ഈ തിരുനാൾ സംബന്ധിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു പരസ്യലേഖനത്തിന്റെ അവസാനഭാഗം താഴെച്ചേർക്കുന്നു:—

"സർവ്വശക്തയായ ഒരു രക്ഷകയെ ലോകത്തിനു നൽകി, അവളെ സർവ്വഗുണസമ്പൂർണ്ണയാക്കിത്തീർത്ത സർവ്വലോക നിയന്താവിനു സർവ്വാത്മനാ നമുക്കു നന്ദിപറയാം. ബാവാതമ്പുരാന്റെ കുമാരിയും, പുത്രൻതമ്പുരാന്റെ മാതാവും, റൂഹാദക്കുദശാതമ്പുരാന്റെ സ്നേഹമണവാട്ടിയും, ത്രിലോകങ്ങൾക്കു രാജ്ഞിയും, നമ്മുടെ നാഥയുമായിട്ടു മറിയത്തിനു സ്വസ്തി ചൊല്ലാം. ദൃശ്യാദൃശ്യങ്ങളായ അഖില സൃഷ്ടികളും നമ്മോടുകൂടെ ഇവളെ വണങ്ങി സ്തുതിക്കട്ടെ. ആദിമ വരപ്രസാദ ഭംഗിക്കു അല്പം പോലും ഭംഗം വരുത്താതെ ജീവപര്യന്തം അതിനെ പരിപോഷിപ്പിച്ചുകൊണ്ടു വന്ന പരിശുദ്ധ മറിയത്തോടു ഈ അവസരത്തിൽ നിങ്ങളെത്തന്നെ ഒന്നു തുലനം ചെയ്യുവിൻ. ദൈവത്തിന്റെ ജീവനുള്ള ആലയമായിരിക്കുന്ന നിങ്ങളുടെ ആത്മാവുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നു ആത്മശോധന ചെയ്തു കാണുവിൻ. അതിന്റെ ദയനീയാവസ്ഥമേൽ ഇപ്പോൾ തന്നെ പരമാർത്ഥമായി മനസ്താപപ്പെടുവിൻ. രക്ഷകനായ തന്റെ തിരുക്കുമാരനെ അറിയാതെ, ഇനിയും "അ

ന്ധകാരത്തിലും മരണനിഴലിലും" ഇരിക്കുന്നവരായ അനേകലക്ഷം ആളുകളുടെ ബോധങ്ങളെ തെളിയിച്ച നീതിസൂര്യനായ ഈശോയുടെ പക്കലേക്കു അവരേ ആനയിക്കേണമേ: എന്ന് ഉഷഃകാല നക്ഷത്രമായ മറിയത്തോടു ഉള്ളലിഞ്ഞു പ്രാർത്ഥിപ്പിൻ. നിങ്ങൾക്കു തന്നെയും ആത്മശരീര സംബന്ധമായി നേരിടുന്ന എല്ലാ ആവശ്യങ്ങളിലും അനർത്ഥങ്ങളിലും, മനുഷ്യവർഗ്ഗത്തിന്റെ ഏകാവലംബവും, സമുദ്രതാരവുമായ മറിയത്തിൻപക്കൽ അഭയം പ്രാപിപ്പിൻ. "നക്ഷത്രത്തെ നോക്കുവിൻ മറിയത്തെ വിളിക്കുവിൻ."

## മുടക്കപ്പെട്ട പുസ്തകങ്ങൾ.

അസന്മാർഗ്ഗികങ്ങളായ പ്രസിദ്ധീകരണങ്ങൾ കൊണ്ടുള്ള നാശം രാഷ്ട്രിയാധികാരികളും മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നതു അത്യന്തം ആശ്വാസപ്രദം തന്നെ. ജർമ്മൻ പാർലമെന്റിൽ ഈവിധ പ്രസിദ്ധീകരണങ്ങളെ തടയുന്നതിനുള്ള ഒരു നിയമം ഇതിനിടെ പാസ്സാക്കിയിരിക്കുന്നു. ഏതത്സംബന്ധമായ വാദപ്രതിവാദമദ്ധ്യേ ഏകദേശം രണ്ടു ലക്ഷത്തോളം പ്രസിദ്ധീകരണങ്ങൾ ഇപ്രകാരം മുടക്കേണ്ടതായിട്ടുള്ളതിന്റെ ലിസ്റ്റു തയ്യാറാക്കിയിട്ടുണ്ടെന്നു ഗവൺമെന്റു ഭാഗത്തുനിന്നു പ്രസ്താവിക്കുകയുണ്ടായി! ഇവയെല്ലാം നശിപ്പിച്ചുകളകയാണു വേണ്ടതെന്നുള്ള അഭിപ്രായം പോലും അവിടെ കൊണ്ടുവരപ്പെട്ടു. എങ്കിലും എതിർ ഭാഗത്തിന്റെ പ്രതിഷേധം നിമിത്തം അതു സാധിച്ചില്ല. നരകസൈന്യങ്ങൾ നാശകരബീജങ്ങൾ വിതയ്ക്കുന്നതിൽ എത്ര ജാഗരൂകരായിക്കാണപ്പെടുന്നെന്നുള്ള ഓർമ്മ യഥാർത്ഥ സത്യവിശ്വാസികളെ അവയ്ക്കെതിരായി പോരാടുന്നതിനു എത്രയോ തീക്ഷ്ണതയുള്ളവരാക്കേണ്ടതാകുന്നു.

## കത്തോലിക്ക വിദ്യാഭ്യാസം.

വിദ്യാഭ്യാസത്തിലുള്ള ഭ്രമം നമ്മുടെയിടയിലും നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടാണല്ലോ ഇരിക്കുന്നതു്. വിദ്യാഭ്യാസസ്ഥാപനങ്ങളും നമുക്കു ഒട്ടും കുറവല്ല. എന്നാൽ സാക്ഷാൽ കത്തോലിക്കാ വിദ്യാഭ്യാസം നൽകുന്നതിലുള്ള അസൌകര്യങ്ങളും അനാസ്ഥയും നിമിത്തം വിദ്യാഭ്യാസത്തിന്റെ ഫലം പൂർണ്ണമായി അനുഭവിപ്പാൻ നമുക്കു സാധിക്കുന്നില്ലെന്നു മാത്രമല്ല, ദോഷഫലങ്ങൾ നേരിടുന്നതിനും ഇടയാകുന്നു. യൂറോപ്പിൽ പല സ്ഥലങ്ങളിലും സാക്ഷാലുള്ള കത്തോലിക്കാവിദ്യാഭ്യാസം തന്നെ നടത്തുന്നതിനുള്ള ശ്രമം തീവ്രമായി ചെയ്തുവരുന്നുണ്ട്. ഹോളണ്ടിൽ ഈയിടെ സ്ഥാപിച്ചിട്ടുള്ള ഒരു വാണിജ്യകലാശാലതന്നെ പരിപൂർണ്ണകത്തോലിക്കാമയമാക്കിത്തീർത്തിരിക്കുന്നതു പ്രത്യേകം ശ്രദ്ധാർഹമായിട്ടുള്ളതാണ്. വാണിജ്യസംബന്ധമായി ബിരുദങ്ങൾ നൽകുന്നതോടുകൂടെ കത്തോലിക്കാ മതവിഷയമായ ഒരു പരീക്ഷയിലും ബിരുദധാരികൾ പാസ്സാകണമെന്നു നിർബന്ധിതമാക്കിയിരിക്കയാണ്. ഡോമിനിക്കൻസഭക്കാരായ പ്രഖ്യാതപണ്ഡിതന്മാരാണ് ഈ വിഷയത്തിലുള്ള പഠനം നടത്തുന്നതു്. ഹോളണ്ടിൽ ഗവൺമെന്റിന്റെ നോട്ടത്തിൻകീഴ മതപഠനം നിർബന്ധിതമാക്കി നിഷ്കൃഷ്ടമായി പാഠപദ്ധതികൾ നിശ്ചയിച്ചുകഴിഞ്ഞിട്ടു അധികനാളായിട്ടില്ല. ഫ്രാൻസിലും ഈ വിഷയത്തിൽ ശ്രദ്ധേയമായ ശ്രമങ്ങൾ നടക്കുന്നുണ്ട്. യഥാർത്ഥത്തിൽ കത്തോലികമായിട്ടുള്ളതല്ലാത്ത വിദ്യാഭ്യാസത്തിന്റെ ഫലം എല്ലാവരും അനുഭവിച്ചറിവാൻ ഇടയായിട്ടുള്ളതാണു ഈ ഉണർച്ചയ്ക്കു് കാരണമെന്നുള്ളതിനു സംശയമില്ല.

## പ്രതിദിനം ആത്മികദിവ്യപൂജ.

ഈ തലക്കെട്ടിൽ കഴിഞ്ഞ ജൂൺ ലക്കം കുസുമത്തിൽ ചേർത്തിരുന്ന ലേഖനത്തിലെ താല്പര്യം അനുസരിച്ചു പ്രസ്തുത സഭയിൽ ചേരുന്നതിനു റോമയിലേക്കു പണം അയച്ചുകൊടുക്കുന്നതിനു പലരും ഇവിടെ ആവശ്യപ്പെട്ടുവരുന്നു. റവ. ഫാദർ ലേപ്പോൾഡ്. സി. ഡി. കർമ്മലീത്താആശ്രമം അമ്പഴക്കാട്ട്. മാള. "എന്ന മേൽവിലാസത്തിൽ 12 അണവീതം മണിയോർഡർ അയച്ചുകൊടുത്താൽ അദ്ദേഹം പണം റോമയിലയച്ചു സാക്ഷിപത്രം വരുത്തി കൊടുക്കുന്നതാണ്. പേരുകൾ അയക്കുന്നതോടുകൂടെ ഇടവകയും കാണിച്ചിരിക്കേണ്ടതാകുന്നു.

# വ്യാകുലമാതാവിനോടുള്ള ഭക്തി എങ്ങനെയുള്ളതായിരിക്കണം.

(റവ. ഫാദർ അലോഷ്യസ് സി. ഡി.)

വ്യാകുലമാതാവിന്റെ സ്തുതിക്കായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഈ മാസത്തിൽ, ഈ അമ്മയുടെ നേരേയുള്ള ഭക്തി ഏതുപ്രകാരമുള്ളതായിരിക്കണം എന്നു അല്പമായിട്ടു ആലോചിക്കുന്നതു സന്ദർഭോചിതമായിരിക്കും.

൧. ഈ ഭക്തി നമ്മിൽ യഥാർത്ഥമായിരിക്കണം. മാതാവിന്റെ നേരേയുള്ള നമ്മുടെ ഭക്തി യഥാർത്ഥമാകണമെങ്കിൽ നാം പാപദോഷത്തിൽനിന്ന് വിമുക്തരായി ജീവിക്കണം അല്ലാത്തപക്ഷം പാപമാർഗ്ഗത്തെ ഉപേക്ഷിപ്പാൻ മനസ്സില്ലാതെ അതിൽ ജീവിച്ചിരുന്ന ഒരു യോദ്ധാവിനോട് ദിവ്യകന്യക പറഞ്ഞതുപോലെ ആയിരിക്കും നമ്മോടും അരുളിച്ചെയ്യുന്നതു്. വി. പത്രോസ് ദെ ലസ്റ്റേൻ എഴുതിയിരിക്കുന്നതുപോലെ ആ പടയാളി മറിയത്തിന്റെ ബഹുമാനാർത്ഥം പ്രതിദിനം ചില സൽകൃത്യങ്ങൾ ചെയ്തിരുന്നു. ഒരു ദിവസം അയാൾ കഠിനമായ വിശപ്പുകൊണ്ടു വലഞ്ഞിരിക്കയിൽ സ്വർഗ്ഗരാജ്ഞി പ്രത്യക്ഷയായി രുചികരങ്ങളായ ചില ഭക്ഷ്യപദാർത്ഥങ്ങൾ ഒരു പാത്രത്തിലാക്കി അയാളുടെ മുമ്പിൽ വെയ്ക്കുകയുണ്ടായി. എന്നാൽ ആ പാത്രം വളരെ മലിനമായിരുന്നതിനാൽ അറപ്പുകൊണ്ട് അതിനെ തൊടുവാൻപോലും അയാൾക്കു സാധിച്ചില്ല. അപ്പോൾ ദിവ്യജനനി "ഞാൻ ദിവ്യമാതാവാണ്; നിന്റെ വിശപ്പു ശമിപ്പിപ്പാനാണു ഞാൻ വന്നിരിക്കുന്നതു്" എന്നു പറഞ്ഞു. "ഈ പാത്രത്തിലുള്ളവയെ രുചിക്കുവാൻപോലും എനിക്കു നിവൃത്തിയില്ല" എന്നായിരുന്നു ഇതിനു പടയാളി പറഞ്ഞ മറുപടി. "അങ്ങനെയെങ്കിൽ ഇത്ര അശുദ്ധാത്മാവോടുകൂടെ നീ എനിക്കു സമർപ്പിക്കുന്ന നിന്റെ സൽകൃത്യങ്ങളെ ഞാൻ സ്വീകരിക്കുമെന്നു വിചാരിച്ചുകൊണ്ടിരിപ്പാൻ നിനക്കു തോന്നുന്നതെങ്ങനേ?" എന്നു ദിവ്യജനനി വീണ്ടും അരുളിച്ചെയ്തു. ഇതുകേട്ട് ആ യോദ്ധാവ് മാനസാന്തരപ്പെട്ട് ഒരു തപസ്വിയായിത്തീരുകയും 30 വത്സരം വനത്തിൽ ജീവിക്കയും ചെയ്തു. മരണസമയത്ത് ദിവ്യജനനി അദ്ദേഹത്തിനു പ്രത്യക്ഷയായി സ്വർഗ്ഗത്തിലേക്കു അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോയി. പ. മറിയത്തിന്റെ ഭക്തൻ പാപത്തിൽനിന്നു വിമുക്തനായി ജീവിക്കയോ കുറഞ്ഞപക്ഷം പാപത്തെ പരിത്യജിപ്പാൻ സത്യമായി കാംക്ഷിക്കയോ ചെയ്യുന്നതായാൽ അയാൾ നിത്യനാശത്തിൽ അകപ്പെടുക, സാധാരണമായിപ്പറഞ്ഞാൽ, സംഭവ്യമല്ലെന്നാണ് വിശുദ്ധ ലിഗോരിയുടെ അഭിപ്രായം. പ. കന്യകമറിയത്തിന്റെ മദ്ധ്യസ്ഥതമൂലം രക്ഷ പ്രാപിച്ചുകൊള്ളാമെന്നുള്ള വിചാരത്താൽ പാപമാർഗ്ഗം ഉപേക്ഷിപ്പാൻ മനസ്സാകാതെ അതിൽത്തന്നെ ജീവിക്കുന്നവൻ മാതാവിന്റെ സഹായത്തിന്നും സംരക്ഷണത്തിന്നും അയോഗ്യനായിത്തീരുന്നു. ആകയാൽ ഈ പ്രകാരം ദിവ്യജനനിയുടെ പരിരക്ഷയ്ക്കു അയോഗ്യരാകത്തക്ക കൃത്യങ്ങൾ ചെയ്യാതിരിപ്പാൻ നാം പ്രത്യേകം സൂക്ഷിക്കണം. കൂടാതെയും പരിശുദ്ധ മറിയത്തിന്റെ സ്തുതിക്കായി നിങ്ങൾ അനുഷ്ഠിക്കുന്ന പുണ്യകൃത്യങ്ങൾ വേണ്ടപോലെ ചെയ്യണം. "വേഗത്തിലും ഭക്തികൂടാതെയും നൂററമ്പത്തിമൂന്നുമണിജപം ചൊല്ലുന്നതിനേ



കാൽ സാവധാനം ഭക്തിയോടുകൂടെ അമ്പത്തുമൂന്നുമണിജപം ചൊല്ലുന്നതാണു് എനിക്കു വളരെ ഇഷ്ടപ്പെട്ടതെന്നു് ദിവ്യകന്യക ഒരിക്കൽ വാഴ്ത്തപ്പെട്ട എവുലാലിയ എന്ന പുണ്യവതിയോടു് അരുളിച്ചെയ്യുകയുണ്ടായി. ആകയാൽ ഭക്തിയോടും ശ്രദ്ധയോടുംകൂടി ജപങ്ങൾ ചൊല്ലുവാൻ ശ്രമിക്കേണ്ടും.

൨. ഈ ഭക്തി നമ്മിൽ സുസ്ഥിരമായിരിക്കണം. "നിലനില്പുമാത്രം കിരീടത്തിനു പാത്രമായിരിക്കുന്നു" എന്നു വി. ബെർണ്ണാർദ്ദ് പറയുന്നു. തോമാസ് അക്കെമ്പീസ് എന്ന മഹാത്മാവു് ബാലനായിരിക്കയിൽ പരിശുദ്ധ കന്യകയെക്കുറിച്ചു പ്രതിദിനം ചില ജപങ്ങൾ ചൊല്ലുക പതിവായിരുന്നു. അജാഗ്രതകൊണ്ടു് ഒരുദിവസം ആ ജപങ്ങൾ മുടക്കി, അനന്തരം ഒരാഴ്ചത്തേക്കു അവ ഉപേക്ഷിച്ചു; പിന്നെ തീരെ നിറുത്തിക്കളകയും ചെയ്തു. ഒരു രാത്രി അദ്ദേഹത്തിന്നുണ്ടായ ഒരു സ്വപ്നത്തിൽ ദൈവജനനി അദ്ദേഹത്തിന്റെ കൂട്ടാളികളെ ആശ്ലേഷിക്കുന്നതു കാണുകയും, എന്നാൽ അദ്ദേഹത്തിന്റെ പക്കൽ വന്നപ്പോൾ "എന്നെ ഉദ്ദേശിച്ചു ചെയ്തിരുന്ന സൽകൃത്യങ്ങളെ ഉപേക്ഷിച്ചിരിക്കുന്ന നീ എന്നിൽനിന്നു എന്തു കാത്തിരിക്കുന്നു? നീ ദൂരെപ്പോകുക, എന്റെ ആശ്ലേഷത്തിന്നു് നീ അയോഗ്യനാണു്" എന്നു പറയുന്നതു് കേൾക്കുകയുമുണ്ടായി. അതിൽപ്പിന്നെ അദ്ദേഹം ഒരിക്കലും ഈ സുകൃതകൃത്യം മുടക്കിയിരുന്നില്ല. ഈ സംഗതി സംബന്ധിച്ചു് വിശുദ്ധ യോഹന്നാൻ ബർക്കുമാൻസിന്റെ അന്തിമോപദേശം നമ്മുടെ ഹൃദയത്തിൽ ഗാഢമായിപ്പതിച്ചു് മരണപര്യന്തം തദനുസരണം പ്രവർത്തിക്കേണ്ടതാണു്. ആ മഹാത്മാവു് മരണശയ്യയെ പ്രാപിച്ചിരിക്കയിൽ മറിയത്തിന്നു് അത്യന്തം സന്തോഷജനകവും ആ നാഥയുടെ സഹായവും പരിരക്ഷയും ലഭിക്കുന്നതിന്നു് ഏററം ഉപയുക്തവുമായ സൽകൃത്യം ഏതെന്നു് അദ്ദേഹത്തിന്റെ സഖാക്കൾ ചോദിച്ചപ്പോൾ അദ്ദേഹം അവർക്കുകൊടുത്ത സാരവത്തായ മറുപടി "ഏതു ഭക്തികൃത്യവും എത്ര അല്പമായിരുന്നാലും സുസ്ഥിരമായിരിക്കണം" എന്നാണു്. ഈ ഉപദേശപ്രകാരം നാം ദിവ്യമാതാവിനെക്കുറിച്ചു് ചെയ്യുന്ന സൽകൃത്യം എത്ര നിസ്സാരമായിരുന്നാലും ഒരു ദിവസവും മുടക്കാതെ മരണപര്യന്തം അതിൽ സ്ഥിരതയുള്ളവരായിരിക്കണം.

ഇപ്പോൾ പ്രസ്താവിച്ച രണ്ടു സംഗതികളെപ്പററി ആലോചിച്ചു് പരിശുദ്ധ മറിയത്തിന്റെനേരേ യഥാർത്ഥവും സുസ്ഥിരവുമായ ഭക്തി നമുക്കുണ്ടാകുന്നതിന്നു് ഉപയുക്തങ്ങളായ മാർഗ്ഗങ്ങൾ തേടിപ്പിടിച്ചു് അവയെല്ലാം അതുപോലെ നടക്കാമെന്നു് പ്രതിജ്ഞചെയ്യേണ്ടിയിരിക്കുന്നു. ഇങ്ങനെ ചെയ്താൽ നാം എന്നേക്കും ഭാഗ്യവാന്മാരാകും. ധനം വർദ്ധിപ്പിക്കുവാൻ മനുഷ്യർ എത്ര മാത്രം ബുദ്ധിമുട്ടുന്നു. ക്ഷണഭംഗുരമായ ലൗകികഭാഗ്യത്തിന്നായി അവർ ഇത്രയധികം ബുദ്ധിമുട്ടുന്നു എങ്കിൽ ഭാഗ്യമരണവും അതിനോടുകൂടി സകലനന്മകളും നമുക്കു ലഭിക്കുന്നതിന്നു് പര്യാപ്തമായ വ്യാകുലഭക്തിയിൽ വർദ്ധിച്ചുവരുവാൻ നാം എത്രമാത്രം പരിശ്രമിക്കേണ്ടതാണു്. ഈ ഭക്തി മററുള്ളവരിലും പരത്തുവാൻ നാം ശ്രമിക്കണം. അമ്മയുടെ ഗുണങ്ങൾ മററുള്ളവരും അറിഞ്ഞു് അവരെ സ്നേഹിച്ചു ബഹുമാനിപ്പാൻ ശ്രമിക്കുന്നതു് മാതൃസ്നേഹികളുടെ സ്വഭാവമാണു്. അപ്രകാരം നമ്മുടെ പ്രിയമാതാവായ മറിയത്തെയും ആ നാഥയുടെ ഉന്നതഗുണങ്ങളേയും അവർ മനുഷ്യർക്കുവേണ്ടി സഹിച്ച പീഡകളേയും അന്യന്മാരെ അറിയിക്കും തദ്വാരാ അവരും ആ രാജ്ഞിയെ സ്നേഹിച്ചുകാണ്മാൻ നാം ശ്രമിക്കയുംവേണം. മനുഷ്യരുടെ നിത്യരക്ഷയിൽ യഥാശക്തി ശ്രമിക്കുന്നതിനുള്ള കടമ നമുക്കെല്ലാവർക്കുമുണ്ടു്. വ്യാകുലമാതാഭക്തി പരത്തുന്നതിനോടുകൂടെ ഈ കടമ നാം ഏറെക്കുറെ നിറവേററുന്നു എന്നുപറയാം. എന്തുകൊണ്ടെന്നാൽ ഈ ഭക്തി ആരിൽ ദൃഢമായിരിക്കുന്നുവോ അയാളുടെ നിത്യരക്ഷയെപ്പററി സംശയിക്കേണ്ട ആവശ്യമില്ല. ഈ ഭക്തി നമ്മിൽ അഗ്നിക്കു തുല്യമായിരിക്കണം. അഗ്നി ശേഷം വസ്തുക്കളേയും അഗ്നിമയമാക്കുന്നതുപോലെ നാമും ഇതരന്മാരേയും

വ്യാകുലതാഭക്തിയിൽ നമ്മുടെ വചനംകൊണ്ടും ദൃഷ്ടാന്തംകൊണ്ടും ഉജ്ജ്വലിപ്പിക്കുവാൻ പരിയത്നിക്കേണ്ടതാകുന്നു.

## കത്തോലിക്കരുടെ സാമുദായിക ഐക്യം.

(ഓണറബിൾ. എ. രത്നസ്വാമി എം. ഏ. ബാർ അററ്‌ലാ. എം. എൽ. ഏ. അവർകളുടെ കോൺഗ്രസ്സ് അദ്ധ്യക്ഷപ്രസംഗത്തിൽ നിന്ന്.)

ജാതീയവൈരം കിഴക്കെ തീരത്തെപ്പോലെ ഈ കേരളത്തിൽ കത്തോലിക്കപരിശ്രമങ്ങളെ നിർജ്ജീവപ്പെടുത്തുന്നില്ലെന്നു പറയുന്നതിൽ എനിക്കു സന്തോഷമുണ്ട്. എന്നാൽ നിങ്ങളുടെ ഇടയിൽ സാമുദായികമായ വിഭാഗങ്ങൾ ഇല്ലാതില്ല. ഇവ നൈസർഗ്ഗികമെങ്കിലും ഭേദപ്പെട്ടതാവുന്ന സാമുദായിക സ്ഥിതിവ്യത്യാസങ്ങളേയും, ജീവിതസമ്പ്രദായങ്ങളേയും, സംസ്കാരാന്തരങ്ങളേയും ആശ്രയിച്ചിട്ടുള്ളവയല്ല. പ്രത്യുത പരിഹരണീയമല്ലാത്ത ജനനസംബന്ധമായ വ്യത്യാസങ്ങളെയൊ നിങ്ങൾ സ്വീകരിച്ചിരിക്കുന്ന വിഭിന്നരീതികളെയൊ ആശ്രയിച്ചുള്ളവയാകുന്നു. ഞാൻ ഈ വ്യത്യാസങ്ങളെ നിസ്സാരമാക്കി പറഞ്ഞുപോയി എന്നു വരാം. എന്നാൽ സാമുദായികൈക്യം സാധിതമാകണമെങ്കിൽ അനുദിനം അതിൽ ജീവിച്ചെങ്കിലേ മതിയാവൂ എന്നാണു എനിക്കു തോന്നുന്നതു്. രക്തസംബന്ധത്തെക്കുറിച്ചുള്ള സഭാനിയമങ്ങൾ കത്തോലിക്കൈക്യത്തെ ദൃഢീകരിക്കത്തക്കവണ്ണം പ്രത്യേകം നിശ്ചയിച്ചിട്ടുള്ളവയാണെന്നു 13-ാം ലെയോൻ മാർപ്പാപ്പാ പ്രസ്താവിച്ചിട്ടുള്ള യുക്തിവാദം ഞാൻ നിങ്ങളെ അനുസ്മരിപ്പിച്ചുകൊള്ളട്ടെ. പലവിധത്തിൽ ഉണ്ടാകാവുന്ന ജാതിവ്യത്യാസത്തെയും ദൂരീകരിക്കയെന്നുവച്ചാലും അതു സാമുദായികശക്തിയെ സ്ഥാപിക്കുന്നതിനു പരോക്ഷമായ ഒരു മാർഗ്ഗം മാത്രമെ ആകുന്നുള്ളൂ.

ഒരു സമുദായത്തിന്റെ പുരോഗമനത്തെ ഏററം പ്രബലമായും പ്രത്യക്ഷമായും സഹായിക്കുന്ന ഒന്നാകുന്നു വിദ്യാഭ്യാസം. നിങ്ങൾ മിക്കവരുടേയും കാലത്തുതന്നെ വിദ്യാഭ്യാസസംബന്ധമായി ഉണ്ടായിട്ടുള്ള വിപുലമായ അഭിവൃദ്ധി നിങ്ങൾക്കു വളരെ അഭിമാനകരമായ ഒരു കാര്യമാണ്. വിദ്യാഭ്യാസവിഷയത്തിൽ നിങ്ങൾ പ്രയത്നം തുടങ്ങിയതു വളരെ പിമ്പിലാണെന്നിരുന്നാലും ഇപ്പോൾ നിങ്ങൾ ഏററം ആശാസ്യമായ ഒരു നിലയെ പ്രാപിച്ചിരിക്കുന്നു. സ്ത്രീകൾക്കുള്ള ഒരു കോളെജ് ഉൾപ്പടെ മൂന്നു സർവ്വകലാശാലാകോളജുകൾ, അനവധി സെക്കണ്ടറി സ്കൂളുകൾ, എടവകതോറുമുള്ള എലിമെന്ററി സ്കൂളുകൾ ഇവയെല്ലാം നിങ്ങൾക്കു അഭിമാനകരമത്രെ. ഈ ശ്രമഫലങ്ങളെ ഉപരികാര്യക്ഷമമാക്കുന്നതിൽ നിങ്ങളെ സഹായിക്കാനായി ഞാൻ ഏതാനും നിർദ്ദേശങ്ങൾ ചെയ്യാമെന്നു കരുതുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ തടയണമെന്നുള്ള സ്വദേശീനിമന്ത്രണത്തിനു് വശംവദരാകരുതെന്നു ആദ്യമായി ഞാൻ നിങ്ങളെ വിലക്കിക്കൊള്ളട്ടെ. മാതൃഭാഷാപ്രോത്സാഹനം ആവശ്യമുള്ളതും ദേശഭക്തിപരവുമായ ഒരു കാര്യമാണ്. എന്നാൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ അഭിവൃദ്ധിയെ വിഘ്നപ്പെടുത്തിയിട്ട് ഇങ്ങനെ ചെയ്യണമെന്നില്ല. ഇംഗ്ലീഷ് പരിജ്ഞാനം ഒരു ശക്തിയാണ്. ഈ ശക്തി രാഷ്ട്രീയാധികാരമത്രെ. പൌരസ്ത്യരാജ്യങ്ങളിലെ പൊതുഭാഷയായി ശീഘ്രതരമായി പരിണമിച്ചുകൊണ്ടിരിക്കുന്ന ഇംഗ്ലീഷ്ഭാഷ വാണിജ്യകാര്യത്തിനു ഒഴിച്ചുകൂടാത്തതാ

കുന്നു. ഇപ്പോഴുള്ള ഇംഗ്ലീഷ് പഠനത്തിന് പ്രതിബന്ധമുണ്ടാകുന്നതിനു പകരം അതു ജനസാമാന്യത്തിൽ പ്രചരിപ്പിക്കയാണു് വേണ്ടതു്. രണ്ടാമതായി, ഇൻഡ്യയിലെ ഇംഗ്ലീഷ് വിദ്യാഭ്യാസരീതി സർവ്വഥാ തെററാണെന്നു എവിടെയും കേൾക്കുന്ന മൂഢപ്രലപനം പ്രതിധ്വനിപ്പിക്കാതെ ഉദ്യോഗാർത്ഥികൾ വർദ്ധിക്കാതിരിക്കുന്നതിനും, ജീവസന്ധാരണമാർഗ്ഗങ്ങളെ സമ്പാദിക്കത്തക്കവണ്ണമുള്ള വാണിജ്യവ്യവസായാദി സാങ്കേതിക വിദ്യാശാലകൾ സാഹിത്യപരമായ വിദ്യാമന്ദിരങ്ങളോടൊന്നിച്ചുതന്നെ സ്ഥാപിക്കുന്നതു് ഉചിതമല്ലയോ എന്നു ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ. ഇംഗ്ലീഷ് വിദ്യാഭ്യാസത്തെപ്പററിയുള്ള പ്രതിഷേധം ഒരു മൂഢപ്രലപനമാണെന്നു ഞാൻ പറഞ്ഞതു, ഇതരവിദ്യാഭ്യാസത്തിനു പ്രബലമായ ഒരാവശ്യവും ഉണ്ടായിരുന്നില്ലെന്നുള്ള വസ്തുത എതിർവാദികൾ പരിഗണിക്കാത്തതുകൊണ്ടാകുന്നു. വാണിജ്യവ്യവസായാദി പരിശ്രമങ്ങൾ ഇല്ലാതിരുന്ന കാലത്തിൽ തത്സംബന്ധമായ വിദ്യാശാലകൾ സ്ഥാപിക്കയെന്നുള്ളതു് അസംബന്ധമായിരുന്നേനെ. ഈ കേരളത്തിൽ ഭാഗ്യവശാൽ കച്ചവടത്തിലും കൈത്തൊഴിലിലും കത്തോലിക്കർ തല്പരന്മാരായിരിക്കുന്നു. അതുകൊണ്ടു നിങ്ങളുടെ സന്താനങ്ങളെ ഈ കാര്യങ്ങളിൽ കൂടുതൽ പ്രാപ്തിയുള്ളവരാക്കുന്നതിനുവേണ്ടി വാണിജ്യപരവും വ്യാവസായികവുമായ സ്കൂളുകൾ സ്ഥാപിക്കയോ ഇപ്പോഴുള്ള സ്കൂളുകളിൽതന്നെ ഈ വിഷയങ്ങൾക്കായി പ്രത്യേകവിഭാഗങ്ങൾ ഏർപ്പെടുത്തുകയോ ചെയ്യുന്നതിനുള്ള കാലം വന്നിട്ടില്ലയോ എന്നു നിങ്ങൾ ചിന്തിക്കേണ്ടിയിരിക്കുന്നു. സ്ത്രീവിദ്യാഭ്യാസത്തെക്കുറിച്ചു നോക്കുമ്പോൾ അതു ആൺകുട്ടികൾക്കായി ഉദ്ദേശിച്ചിട്ടുള്ള സമ്പ്രദായത്തിൽതന്നെ ഇരിക്കേണ്ടയാവശ്യമുണ്ടോ എന്നാണു എനിക്കു ചോദിപ്പാനുള്ളതു്. സ്വപ്രഹരണീയസ്ഥിതിയിലിരിക്കുന്ന സാമാന്യ കത്തോലിക്കാ സമുദായത്തിൽ പെൺകുട്ടികളെ പഠിപ്പിക്കുന്നതു കുടുംബജീവിതത്തിനായിട്ടാകുന്നു. അതിനാൽ കത്തോലിക്കാ വനിതകളുടെ വിദ്യാഭ്യാസോദ്ദേശം ഭാവിജനപരമ്പരയുടെ മാതാക്കളെ നല്ല വീട്ടുഭരണകർത്രികളായും, ഭർത്താക്കന്മാർക്കു സംസ്കാരം സിദ്ധിച്ചിട്ടുള്ള സഖികളായും, സന്താനങ്ങൾക്കു പരിശീലനം സിദ്ധിച്ചിട്ടുള്ള വിദ്യാഭ്യാസപ്രദായിനികളായും, കുടുംബങ്ങളിൽ ആനന്ദാലങ്കാരസംരക്ഷകരായും വർത്തിക്കുന്നതിനു് യോഗ്യതയുള്ളവരാക്കുകയാകുന്നു എന്നാണു് എൻെറ പക്ഷം. നമ്മുടെ കന്യാസ്ത്രീകളെപ്പോലെ വിശേഷവിധിയായി ജീവിതം നയിക്കുന്നവർക്കു് അവരുടെ അന്തസ്സിനു ഉന്നതവിദ്യാഭ്യാസം ചെയ്യണമെന്നുള്ളതിനാലോ കാലക്ഷേപമാർഗ്ഗം തന്നത്താൻ നേടുന്നതിനു സാഹചര്യങ്ങൾ നിമിത്തം നിർബന്ധിതരാകുന്നതുകൊണ്ടോ പുറക്കം ചിലർക്കു സർവ്വകലാശാലവിദ്യാഭ്യാസത്തിനോ, ഔദ്യോഗികവിദ്യാഭ്യാസത്തിനോ പോകേണ്ടതായിവരും. എന്നാൽ സ്ത്രീകൾക്കു ആകമാനം സർവ്വകലാശാലാവിദ്യാഭ്യാസം നൽകണമെന്നു ഇൻഡ്യയിലെ ചില സമുദായക്കാരിൽ കയറിയിരിക്കുന്ന ലഹരി സ്വാഭാവികമോ ആശാസ്യമോ അല്ല. വിദ്യാഭ്യാസവിവിധത്വത്തിനായി ഞാൻ ഈ യുക്തിവാദം ചെയ്യുന്നതു തൊഴിൽവ്യത്യാസം രാജ്യൈശ്വര്യത്തിനു അത്യന്താപേക്ഷിതമാണെന്നുള്ള വിപുലതരമായ ഒരു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാകുന്നു. യാതൊരു സമുദായം ഒരേ ഒരു തൊഴിലിനെ ആശ്രയിച്ചിരിക്കുന്നുവോ ആ സമുദായത്തിനു നാശമെന്നാണു എനിക്കു തോന്നുന്നതു്.

## കർമ്മല ഉത്തരീയം മൂലം നടന്ന ഒരൽഭുതം.

1926 മാർച്ചുമാസം 16-ാംനു-സ്പെയിനിൽ തവിലാപട്ടണത്തിൽ (Justitia) യുസ്റ്റീസ്യാ എന്ന പത്രത്തിൻെറ അച്ചടിശാലയിൽ ഒരു ഭയങ്കര അഗ്നി

ബാധയുണ്ടായി. അകത്തോലിക്ക നയം നിമിത്തം ആവില പട്ടണത്തിന്റെ മെത്രാനാൽ ശപിക്കപ്പെട്ടതായിരുന്ന ഈ പത്രമെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്. അച്ചടിപ്പുര മുഴുവനും മദ്ധ്യാഹ്ന സമയത്തുണ്ടായ ഈ ഭയങ്കര അഗ്നിബാധയാൽ നശിച്ചശേഷം അതിന്റെ ഇടത്തുവശത്തുള്ള കർമ്മലീത്താ ആശ്രമത്തിന്നു തീ പിടിക്കാറായി. കാറ്റുകൊണ്ടു തീ പടന്നു പിടിക്കയിൽ ആശ്രമത്തിന്റെ പ്രിയോരച്ചൻ ഒരു കർമ്മലീത്താഉത്തരീയം ഒരു നീണ്ട വടിയിൽ കെട്ടി തീയിലേക്കു ഇട്ടു. തൽക്ഷണം തീ നേരെ മുകളിലേക്കു പൊങ്ങുകയും ആശ്രമത്തിന്നു യാതൊരുകേടും തട്ടാതെ തിരിഞ്ഞുപോകയും ചെയ്തു. ഈ വിസ്മയസംഭവം മാഡ്റിഡിൽനിന്നു 1926 ഏപ്രിൽ 5-ാംനു- പുറപ്പെട്ട "മെസ്സെഞ്ജെരൊദി സന്തത്രെസ്യ" എന്ന മാസികയിൽ പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നു.

## മലയിലെ പ്രസംഗം. (തുടർച്ച)

(മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള.)

"രസപ്രദം ലവണമശിപ്പവസ്തുപോൽ
രസസ്തു സൽഗുണനിര നിങ്ങൾചേർത്തിടും;
നിസർഗ്ഗജം ഗുണമകലുന്നതാകിലു-
പ്പസംശയം, വിഫലമിതോർത്തുകൊള്ളുവിൻ.

"കുറഞ്ഞിടാപ്രഭ ജഗതിക്കു നിങ്ങളാം;
മറഞ്ഞിടാ ശിഖരിയിലുള്ള പട്ടണം;
പറയ്ക്കു കീഴരിയ വിളക്കുവെയ്ക്കുമൊ?
മുറയ്ക്കു ചേർത്തിടുമതു തണ്ടിലവനം.

"നിരാകുലാശയമൊടു നിങ്ങൾചെയ്തിടും
പരാർദ്ധ്യമാം ക്രിയ വഴിപോലെ കാൺകയാൽ
പരാപരസ്തുതി ദൃഢമാക്കിടുംവിധം
നരാലയത്തിന്നു മണിദീപമാകുവിൻ.

"മറയ്ക്കെഴും വിധിനിര, ദീർഘദർശിമാർ
പറഞ്ഞൊരാത്തിരുവചനങ്ങ,ളെന്നിവ
മറയ്ക്കുമെന്നൊരുവനു ഓർക്കൊലാ വൃഥാ
മുറയ്ക്കു ഞാനവ പരിപൂർത്തിയാക്കിടും.

"ധരിത്രിയും ഗഗനവുമസ്തമാം വരെ-
ക്കുരിക്കു താൻ മുഴുവനുമാകുവോളവും
വരിഷ്ഠമാം മറയുടെ ശാസനാവലി-
ക്കൊരിമ്മിയും കുറവണകില്ല നിശ്ചയം.

അനാസ്ഥയാൽ ചെറിയൊരു കല്പനസ്സുരി-
ങ്ങനാദരം കരുതിടുമേതൊരാളെയും
വിനാശമറ്റൊരു ദിവിതെല്ലസംശയം
വിനാ ഗണിച്ചിടുമതിമാത്രമല്പനായ്.

"അമായമാം ഹൃദയമൊടല്പമായിടും
പ്രമാണവും സവിനയമാദരിപ്പവൻ
സമാനമെന്നിയെ വിലസുന്ന വാനിലെ
പ്രമാണികൾക്കിടയിൽ വിളങ്ങുമേററവും.

"വരിഷ്ഠരാകിയ ഫരിസേയവൈദികാ-
ദ്യരിൽപ്പെടുന്നതില്ല മുഴുന്ന നീതിയാൽ
സ്സുരിക്കിലെന്നിയെ പരിശുദ്ധഗേഹമാ-
യിരിക്കുമള്ളിപിമ്പത! നിങ്ങളെത്തിടാ.

"ഒരാളിനെ പ്രണയമകന്നു കൊന്നിടും
നരാധമൻ കൊടിയവിധിക്കുയോഗ്യനാം"
പരാപരൻ പിതൃനികരത്തോടീവിധം
പുരാകഥിച്ചൊരുമൊഴി സർവ്വസമ്മതം.

"പറഞ്ഞിടാം മമ മതവും, സഗർഭ്യനിൽ
നിറഞ്ഞരുട്ടൊടു ശഠനായ്ക്കയപ്പുതും
കുറഞ്ഞക്രൂരൊടു വിടുവാക്കുരപ്പതും
മുറയ്ക്കു ദുർവ്വിധി നരകാഗ്നിദങ്ങളാം.

"അനന്ത നീശനു വഴിപാടൊടെത്തവേ
മനസ്സിൽ നീ വിരസമൊരാൾക്കുചേർന്നതായ
നിനയ്ക്കിലോ, ഝടിതി മടങ്ങി മോദമാ-
ജ്ജനത്തിനേകിയപിൻ കെത്തി നൽകണം.

"അരാതിയാൽ ശഠനധികാരിമുൻപിലായ്
പരാജയാലവമണയാതെ കണ്ടു നീ
നിരാകുലം മരുവിടുവാൻ വിരോധിയെ
ത്വരാന്വിതം പൊറുതിപറഞ്ഞിണക്കണം.

(തുടരും.)

# ഫലപ്രദമായി കുർബ്ബാന കാണ്മാനുള്ള മുറ.

II.

(ക. നി. മൂ. സ. അംഗം പട്ടക്കാരൻ)

പ്രഖ്യാതപ്രാസംഗികനായ ടേസഞ്ഞര', കപീറെറാ മറിയം എന്ന പുണ്യവതിക്കു ഉണ്ടായ ഒരു ദിവ്യദർശനത്തെപ്പററി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. വജ്റവൈഡൂര്യാദി വിലയേറിയ കല്ലുകളും വിവിധങ്ങളായ സ്വർണ്ണാഭരണങ്ങളും നിറയെ തുറന്നുവച്ചിരുന്ന ഒരു മേശയെ കർത്താവു് പ്രസ്തുത പുണ്യവതിക്കു കാണിച്ചുകൊണ്ടു പറഞ്ഞതായതു്: ഈ നിക്ഷേപഭണ്ഡാഗാരം ഏവക്കുമായി ഞാൻ തുറന്നുവച്ചിരിക്കുന്നു. ഇഷ്ടമുള്ളവർ ഒക്കയും എടുത്തുകൊള്ളട്ടെ. വിശുദ്ധ കുർബ്ബാന എന്ന ദിവ്യബലിയിൽനിന്നു നമുക്കു അനുദിനമെന്നപോലെ പ്രാപിപ്പാൻ പാടുള്ളതായ ഈശോമ്ശിഹായുടെ അളവില്ലാത്ത യോഗ്യതാഫലങ്ങളെ ഈ ഭണ്ഡാഗാരം സാദൃശമാക്കുന്നു. എന്നാൽ എന്തു കാരണത്താൽ വിശ്വാസികൾ ഈ അമൂല്യനിക്ഷേപങ്ങളെ അനുഭവയോഗ്യമാക്കുന്നില്ല? ഇതുകളെ വേണ്ടവണ്ണം അറികയും വിലവെക്കയും ചെയ്യാത്തതുകൊണ്ടല്ലയൊ? ആകയാൽ ഈ സ്വർഗ്ഗീയനിക്ഷേപങ്ങളാൽ നിങ്ങൾ ദിവസംപ്രതി അധികമധികം സമ്പന്നരാകത്തക്കവണ്ണം ദിവ്യപൂജയെ ഫലപ്രദമായി കാണുന്നതെങ്ങനെ എന്നും, ഇതിനെ പട്ടക്കാരനോടുകൂടെ ചേർന്നുകൊണ്ടു ദൈവത്തിനു സമർപ്പിക്കേണ്ടതു് എങ്ങിനെയെന്നും സംക്ഷേപമായി ഇവിടെ പ്രസ്താവിക്കാം.

ദൈവത്തിന്റെ അപരിമിതമഹത്വത്തിനൊത്തവണ്ണം അദ്ദേഹത്തെ ആരാധിക്കുന്നതിനും, നാം കൈക്കൊണ്ടിട്ടുള്ള നാനാമുഖങ്ങളായ എണ്ണമില്ലാത്ത ഉപകാരങ്ങൾക്കൊത്തവണ്ണം അദ്ദേഹത്തെ നന്ദി അറിഞ്ഞു സ്തോത്രങ്ങളാൽ സ്തുതിക്കുന്നതിനും നാം മനസ്സാകുന്നുവെങ്കിൽ- നമ്മുടെ അനവധി പാപങ്ങൾക്കുവേണ്ടി കടപ്പെട്ടിരിക്കുന്ന പ്രായശ്ചിത്തങ്ങളെ കുറെപ്പാനും, ശാരീരികങ്ങളും ആത്മികങ്ങളുമായ ആവശ്യങ്ങളിൽ സഹായം ലഭിപ്പാനും നാം ആഗ്രഹിക്കുന്നുവെങ്കിൽ- മരിച്ചവരും ജീവിക്കുന്നവരുമായ നമ്മുടെ സംബന്ധികൾക്കും ബന്ധുമിത്രങ്ങൾക്കുംവേണ്ടി സഫലങ്ങളായ മദ്ധ്യസ്ഥാപേക്ഷകളെ ദൈവത്തിങ്കൽ സമർപ്പിപ്പാൻ നാം ഇച്ഛിക്കുന്നുവെങ്കിൽ- താഴെപ്പറയുന്നവിധത്തിൽ ദിവ്യപൂജയിൽ സംബന്ധിക്കേണ്ടിയിരിക്കുന്നു.

ഏറിയ ആളുകളും, പട്ടക്കാരൻ മാത്രം ദിവ്യപൂജ സമർപ്പിക്കുന്നുവെന്നും, തങ്ങൾ പ്രാർത്ഥിപ്പാനായിമാത്രം ദിവ്യബലിക്കു സന്നിഹിതരാകുന്നു എന്നും ഉള്ള വലിയ തെററിദ്ധാരണയിൽ ചരിക്കുന്നതായി കാണുന്നുണ്ടു്. ഇതു് ഒരു വലിയ തെററായ അഭിപ്രായമാണെന്നുമാത്രമല്ല, തന്നിമിത്തം പട്ടക്കാരൻ അവക്കുവേണ്ടിയും അവരുടെ പ്രതിപുരുഷനെന്ന നിലയിലും സമർപ്പിക്കുന്ന ബലിയുടെ വിവിധ പ്രധാനഭാഗങ്ങളിലും പ്രാർത്ഥനകളിലും അവയുടെ ഉദ്ദേശങ്ങളിലും അവർ കേവലം അശ്രദ്ധാലുക്കളായിത്തീരുന്നതിനു കാരണമാകയും ചെയ്യുന്നു.

പഴയ നിയമത്തിൽ വൈദികന്മാർ മാത്രം ബലി അർപ്പിക്കാൻ അനുവദിക്കപ്പെട്ടിരുന്നു എന്നതു സത്യമാകുന്നു. എന്നാൽ പുതിയ നിയമത്തിൽ സർവ്വ വിശ്വാസികൾക്കും ദിവ്യബലിയുടെ അർപ്പണത്തിൽ പങ്കുകാരാകുവാൻ അനുവദിക്കപ്പെട്ടിരിക്കയാൽ ഇതു് അവക്കു ഒരു വലിയ അനുഗ്രഹവും വിശേഷവരവുമായി ദൈവം നല്കിയിട്ടുള്ളതാകുന്നു. അതെ, പട്ടക്കാരൻ പ്രഥമമായും പ്രധാനമായും, അവരുടെപേക്കു് ബലി സമ

ൎപ്പിക്കുന്നു; എങ്കിലും, സന്നിഹിതന്മാർ എല്ലാവരും അദ്ദേഹത്തോടുകൂടി ഈ വിശുദ്ധബലിയെ ദൈവത്തിനു സമൎപ്പിപ്പാൻ അനുവദിക്കപ്പെട്ടവരും കടപ്പെട്ടവരും ആകുന്നു. പൂജ്യനായ മാർട്ടിൻ കൊച്ചേൻ എന്ന ദേഹം പറയുന്നതായതു്: ദൈവം നമുക്കു നൽകിയിട്ടുള്ള ഏററം ഉൽകൃഷ്ട വരങ്ങളിൽ ഒന്നു്, ഏററം ആരാധനീയമായ ദിവ്യപൂജ, പട്ടക്കാൎക്കു മാത്രമല്ലാ പുരുഷന്മാരും സ്ത്രീകളും, കുട്ടികളും ആയ വിശ്വാസികൾ എല്ലാവൎക്കും അൎപ്പിപ്പാൻ അനുവദിച്ചിരിക്കുന്നു എന്നതാകുന്നു. പ്രഥമപുരോഹിതപ്രഭുവായ വി. പത്രോസ്, ഈ ക്രിസ്തീയവരത്തെ ചൂണ്ടിക്കാണിച്ചിരിക്കുന്നതു് എങ്ങനെ എന്നു് കേൾക്കുക. "നിങ്ങൾ ഈശോമ്ശിഹായിൽ ദൈവത്തിനു സ്വീകാൎയ്യങ്ങളായ അദ്ധ്യാത്മിക ബലികളെ സമൎപ്പിപ്പാൻവേണ്ടി ഒരു രാജകീയ പൌരോഹിത്യമായി തെരിഞ്ഞെടുക്കപ്പെട്ട ഒരു ജാതിയാകുന്നു." (പ്ര. പ. വ. ൯.) ഇവിടെ വി. പത്രോസ് ശ്ലീഹാ ക്രിസ്ത്യാനിജനത്തെ പൊതുവായി രാജപുരോഹിതന്മാർ എന്നു വിളിച്ചതിന്റെ കാരണത്തെ നാം നല്ലവണ്ണം ചിന്തിച്ചു ആലോചിക്കണം. പൂജ അൎപ്പിക്കാത്തവർ യഥാൎത്ഥത്തിൽ പുരോഹിതന്മാർ ആകുന്നതെങ്ങനെ?

ഇപ്രകാരം വിശ്വാസികളെല്ലാവരും അദ്ധ്യാത്മികാൎത്ഥത്തിൽ പട്ടക്കാരാകുന്നു എന്നും എല്ലാവരും ദൈവത്തിൽ നിന്നു ജ്ഞാനബലികളെ സമൎപ്പിപ്പാൻ അധികാരം ലഭിച്ചവരാകുന്നു എന്നും വിശദമായി കാണിക്കുന്നു. ആകയാൽ വൈദികരല്ലാത്തവൎക്കും ഈശോമ്ശിഹായുടെ തിരുശരീരത്തിന്റെയും രക്തത്തിന്റെയും അമൂല്യനിക്ഷേപങ്ങളെ തങ്ങളുടെ പ്രയോജനത്തിനായി ദൈവത്തിനു സമൎപ്പിപ്പാൻ കഴിയുന്നതാകുന്നു. ഈ സത്യം നാം വല്ലപ്പോഴും ഓൎത്തിട്ടുണ്ടോ? അതിനെ വേണ്ടപോലെ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ? എന്നു് ആലോചിക്കണം

## "ഞാൻ ആരാകുന്നു?"

(ശ്രീമാൻ എ. എം. പീററർ ബി. എ.)

'കേസറിയാ ഫിലിപ്പിലെ' പ്രശാന്തമായ തെരുവീഥിയിൽക്കൂടി യാത്ര ചെയ്യുമ്പോൾ ദിവ്യരക്ഷകൻ തന്റെ ശിഷ്യരോടു ചോദിച്ച ഒരു ചോദ്യമാണല്ലോ മുകളിൽ ഉദ്ധരിച്ചിട്ടുള്ളതു്. തന്നെപ്പററി മനുഷ്യർ എന്തഭിപ്രായപ്പെടുന്നു എന്നു് ദൈവപുത്രനായ ക്രിസ്തു ചോദിച്ചതു് എന്തുദ്ദേശത്തോടുകൂടിയാണെന്നു ഒരു എതിർ പ്രശ്നമുണ്ടായേക്കാം. മനുഷ്യരിൽ ആരെങ്കിലും 'ഞാനാരാകുന്നു' എന്നു ചോദിക്കയാണെങ്കിൽ അതു് അസ്ഥാനത്താണെന്നു പറവാൻ തരമില്ല. എന്തുകൊണ്ടെന്നാൽ മനുഷ്യൻ സ്വപ്രതാപത്തെപ്പററി അറിയുന്നതു് അന്യരിൽനിന്നാണു്. അവന്റെ സ്വഭാവം, കൎത്തവ്യകൎമ്മം, മരണാനന്തരജീവിതത്തിൽ അവനു ലഭിക്കുന്ന സ്ഥാനം എന്നിത്യാദികളെപ്പററി സ്വന്തമായി ഒരു വിധി കല്പിക്കുവാൻ ഒരുത്തനും സാധിക്കയില്ല. അവന്റെ സാക്ഷാൽ സ്വഭാവവും, ആത്മീയ ശക്തിയും അവനു് കേവലം അജ്ഞാതമായിട്ടാണു് കിടക്കുന്നതു്. എന്നാൽ മനുഷ്യരിൽനിന്നു് മറയപ്പെട്ടു കിടക്കുന്ന അവരുടെ മനസ്സും വിചാരങ്ങളും കണ്ടറിയാവുന്ന ക്രിസ്തു താനാരാകുന്നു എന്നു് ചോദിച്ചതു് സ്വശക്തിയെ ഗ്രഹിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയാവാൻ പാടില്ല. തന്റെ ഭൂലോകജീവിതാന്ത്യം സമീപിച്ചിരുന്നതിനാൽ തന്റെ അനുയായികൾക്കു് താൻ ആരാകുന്നു എന്നുള്ളതിനെപ്പററി കൂടുതൽ

ജ്ഞാനം കൊടുപ്പാനായിട്ടുമാത്രമാണ് ഇങ്ങിനെ ഒരു പ്രശ്നത്തിന്നു അവസരം നൽകിയതു.

“ചിലർ അങ്ങേ യോഹന്നാൻ മാംദാനയാണെന്നും, മറ്റു ചിലർ ഏലിയാസാണെന്നും; വേറെ ചിലർ ഏറമിയായാണെന്നും, മറ്റുപലരും പ്രവാചകന്മാരിൽ ഒരുവനാണെന്നുമാണ് അഭിപ്രായപ്പെടുന്നതു്.” എന്ന ഒരു മറുപടിയാണ് ദിവ്യരക്ഷകനു കിട്ടിയതു്. താൻ വീണ്ടും തന്റെ ശിഷ്യരോടു ചോദിക്കുന്നു, ‘ഞാൻ ആരാണെന്നാണ് നിങ്ങൾ പറയുന്നതു്?’ ഈ ഘട്ടത്തിലാണ് ശെമഓൻപത്രോസിന്റെ വിശ്വാസദാർഢ്യം പ്രസ്പഷ്ടീകരിച്ചതു്. ക്രിസ്തുവിന്റെ അനുചരന്മാരിൽ അന്നും എന്നും പ്രഥമസ്ഥാനത്തിനർഹനായ ആ പുരുഷകേസരിക്ക് നിസ്സീമമായ ഒരു മനഃസ്ഥൈര്യമുണ്ടാകുകയും, ‘അങ്ങുന്ന് ദൈവസുതനായ ക്രിസ്തുവാകുന്നു’ എന്ന് അണുപോലും വിശ്വാസചാഞ്ചല്യമില്ലാതെ അദ്ദേഹം വിളിച്ചു പറയുകയും ചെയ്തു.

അറുപതു തലമുറകളോളം ലോകം പ്രതീക്ഷിച്ചിരുന്ന ആ ദിവ്യരക്ഷകന്റെ ശിഷ്യരിൽ അദ്വിതീയനാകുവാനും, അദ്ദേഹത്തെ ദൈവപുത്രനായ ക്രിസ്തുവെന്ന് ലോകസമക്ഷം പ്രഖ്യാപനം ചെയ്യുവാനും പത്രോസ് ശ്ലീഹാക്ക് സിദ്ധിച്ച ഭാഗ്യം അപരിമേയമെന്നേ പറവാനുള്ളു. പല ശതവർഷങ്ങളോളം ക്രിസ്തുവിന്റെ തിരുവവതാരത്തെ ജനങ്ങൾ കാത്തുകൊണ്ടിരുന്നു. അനേകം പ്രവചനങ്ങൾ അവരുടെ പ്രതീക്ഷയെ ശക്തിപ്പെടുത്തിയുമിരുന്നു. ദരിദ്രരും, ബലഹീനരും, കഷ്ടാരിഷ്ടതകൾക്കധീനരും ആശയോടു കൂടെ കാത്തിരുന്ന രക്ഷകൻ-ദൈവികത്വം മാനുഷികത്വത്തിൽ നിഗ്രഹനം ചെയ്തുകൊണ്ടു് ഫിലിപ്പിയിലെ തെരുവിൽക്കൂടി നടന്നിരുന്ന ഒരു സാധാരണ മനുഷ്യൻ--ക്രിസ്തുവാണെന്നു സ്ഥാപിച്ച പത്രോസിന്റെ കരളുറപ്പും വിശ്വാസവൃല്ലത്തിയും എത്ര മഹനീയം! അപരിഷ്കൃതനും, നിരക്ഷരകുക്ഷിയുമായിരുന്ന ഒരു മത്സ്യപ്പിടുത്തക്കാരന്റെ അഭിപ്രായം എത്ര പരിപക്വമായിത്തീർന്നു!! തന്റെ വിധി എത്ര പ്രമാദരഹിതമായി പരിണമിച്ചു.

ഈ സന്ദർഭംവരെ ശിഷ്യരിൽ ആർക്കും ക്രിസ്തു സാക്ഷാൽ രക്ഷകനാണെന്നു പറവാനുള്ള ശുഭാവസരം ലഭിച്ചിരുന്നില്ല. കൂടാതെ, ഒരു മരപ്പണിക്കാരന്റെ കുടുംബത്തിൽ ജനിച്ചുവളൎന്നു് ദരിദ്രന്മാരോടുകൂടി സഹവസിച്ചു നടക്കുന്ന ഒരുത്തനെ, പ്രവാചകന്മാർ ഘോഷിച്ചിരുന്നവനും, ജനങ്ങൾ അത്യാശയോടെ പ്രതീക്ഷിച്ചിരുന്നവനുമായ രക്ഷകനെന്നു പറവാൻ അവരുടെ ബുദ്ധിയും യുക്തിയും എങ്ങിനെ സമ്മതിക്കും? എന്നാൽ പത്രോസിന്റെ അഭിപ്രായപ്രകടനം ദൈവവെളിപാടിന്റെ ഫലമല്ലാതെ മറ്റൊന്നുമല്ലായിരുന്നു. ആ വിശുദ്ധനാകട്ടെ, തക്ക പ്രതിഫലം കിട്ടാതിരുന്നില്ല. ക്രിസ്തുതന്നെ തദവസരത്തിൽ കല്പിച്ചരുളിയതിപ്രകാരമാണ്. “യോനായുടെ പുത്രനായ ശെമോനേ നീ ഭാഗ്യപ്പെട്ടവനാകുന്നു. എന്തുകൊണ്ടെന്നാൽ ജഡവും രക്തവുമല്ല ഇതു നിനക്കു വെളിപ്പെടുത്തിയതു്. പിന്നെയോ സ്വർഗ്ഗസ്ഥനായ എന്റെ പിതാവാകുന്നു പത്രോസെ നീ പാറയാകുന്നു. ഈ പാറമേൽ എന്റെ പള്ളിയെ ഞാൻ പണിയും നരകവാതിലുകൾ അതിനോടു ജയിക്കയില്ല. ഞാൻ നിനക്കു സ്വർഗ്ഗത്തിന്റെ താക്കോലുകൾ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെടും ഭൂമിയിൽ അഴിക്കുന്നതു് സ്വർഗ്ഗത്തിലും അഴിക്കപ്പെടുകയും ചെയ്യും.” ഹാ! ഇത്ര മഹത്തരങ്ങളായ സ്ഥാനമാനങ്ങളേയും, അധികാരങ്ങളേയും കവിഞ്ഞ ശ്രേയസ്കരമായ ഒരു പദവി ലോകത്തിൽ ഏതാണുള്ളതു്?

മേൽപ്രസ്താവിച്ച സാരസംക്ഷിപ്തങ്ങളായ വാക്യങ്ങളിന്മേലാണ് ലോകചരിത്രത്തിൽ ഏററവും അതിശയനീയമായ ഒരു സ്ഥാപനം സംസ്ഥാപിതമായിരിക്കുന്നതു്. അതിപ്രാചീനങ്ങളായ പല രാജാധിപത്യസ്ഥാനങ്ങളും നാമാവശേഷമായി. എന്നാൽ ഈ ഉൽകൃഷ്ടസ്ഥാപനം മാത്രം, പല ഗംഭീരാ

ധിപത്യങ്ങളുടേയും ആരംഭവും അവസാനവും കണ്ടശേഷം യാതൊരു കുലുക്കവും കൂടാതെ ഇന്നും പരിലസിക്കുന്നു. ഈ അമൂർത്ത വാക്യങ്ങളുടെ സംരക്ഷണത്തിനുവേണ്ടി അനേക സഹസ്രംജനങ്ങൾ ഇഹത്തിൽ കഷ്ടനഷ്ടങ്ങൾ സഹിക്കയും, രക്തം ചിന്തുകയും അവരുടെ ജീവനെ ബലികഴിക്കുകയും ചെയ്തിട്ടുണ്ട്; അവയുടെ പരിരക്ഷണാർത്ഥം രാഷ്ട്രീയ വിഭാഗങ്ങൾ തമ്മിൽ ഘോരസമരങ്ങൾ നടത്തിയിട്ടുണ്ട്. നിരവധി മഹാരാജാക്കന്മാരും വിദ്യാസമ്പന്നന്മാരും അവയെസാരമില്ലാതാക്കി ത്യാജ്യകോടിയിൽ തള്ളി, അവയിന്മേൽ സുസ്ഥിരമായി സ്ഥിതിചെയ്യുന്ന മഹൽസ്ഥാപനത്തെ ഉടച്ചുതകർത്തുകളവാൻ ശ്രമിച്ചിട്ടില്ലെന്നില്ല. എങ്കിലും അവരുടെ ഭഗീരഥയത്നങ്ങളെല്ലാം വിഫലങ്ങളായിത്തീർന്നു എന്നുമാത്രമെ ഉള്ളു. ആ സ്ഥാപനം— കത്തോലിക്കാസഭ— അന്നും ഇന്നും എന്നുവേണ്ട ലോകത്തിന്റെ അവസാനനാൾവരെയും വിജയശ്രീയോടുകൂടി പരിലസിക്കുമെന്നതിന്നു വേദപുസ്തകം സാക്ഷ്യംനൽകുകയും ചരിത്രം അതിനെ വിശദീകരിക്കുകയും ചെയ്യുന്നു.

ക്രിസ്തുവും ശിഷ്യന്മാരും തമ്മിൽ നടന്ന ഈ സംഭാഷണം കത്തോലിക്കാസഭയുടെ പവിത്രങ്ങളായ പല നിബന്ധനകളുടെയും അസ്ഥിവാരമാണ്. അന്നുതന്നെയാണ് ശ്ലീഹന്മാർക്കു പുണ്യമാനസാന്തരവും വിശ്വാസസ്ഥിരതയും ഉണ്ടായതു്. കത്തോലിക്കാപള്ളി ഉറപ്പുള്ള പാറമേൽ സ്ഥാപിക്കപ്പെട്ടതും, മതസ്ഥാപകന്റെ ലോകജീവിതാന്ത്യത്തെപ്പററി പ്രസ്താവിച്ചതും ആ സുദിനത്തിൽ തന്നെയായിരുന്നു.

## തിരുസഭയിലെ ഒരു പുതിയ സന്യാസസഭ.

കത്തോലിക്കാസഭയിൽ ആത്മരക്ഷാർത്ഥമുള്ള വിവിധജോലികൾക്കായി വ്യത്യാസപ്പെട്ട പല സന്യാസസഭകൾ സ്ഥാപിതമായിട്ടുണ്ടല്ലൊ. ആ കൂട്ടത്തിൽ കത്തോലിക്കാപ്രസിദ്ധീകരണപ്രചാരണപ്രധാനോദ്ദേശമായി സെക്കോസ്ലോവാക്കിയായിൽ ഫാദർ പാററ്ലോക്ക് എന്ന വന്ദ്യവൈദികൻ വൈദികാദ്ധ്യക്ഷന്മാരുടെ അംഗീകരണത്തോടുകൂടെ വി. മിഖായേലിന്റെ സഭ എന്ന നാമത്തിൽ ഒരു പുതിയ സന്യാസസംഘം ആരംഭിച്ചിരിക്കുന്നു. സാധാരണ എല്ലാസന്യാസസ്ഥാപനങ്ങൾക്കുമുള്ള ആജ്ഞാനുസരണം, ദാരിദ്ര്യം, കന്യാത്വം എന്ന മൂന്നു വ്രതങ്ങൾക്കു പുറമേ കത്തോലിക്കപ്രസിദ്ധീകരണങ്ങൾ വഴിയായി ആത്മാക്കളുടെ രക്ഷക്കായി പരിശ്രമിച്ചുകൊള്ളാമെന്നുള്ള ഒരു നിശ്ചയവും ഈ സഭാംഗങ്ങൾ ചെയ്യേണ്ടതാണ്. പത്രാധിപന്മാർ, ലേഖകന്മാർ, ഗ്രന്ഥകാരന്മാർ, മുതലായവർ മാത്രമല്ല, അച്ചുനിരത്തുകാർ, യന്ത്രംനടത്തുകാർ, പ്രചാരണജോലിക്കാർ, നിർവ്വാഹകസംഘക്കാർ, ആദിയായി എല്ലാവരും സഭാംഗങ്ങളായിരിക്കണമെന്നാണു നിശ്ചയം. സ്വന്തമായി കത്തോലിക്കപ്രസിദ്ധീകരണങ്ങൾ പുറപ്പെടുവിക്കുന്നതിന്നു പുറമെ, മററു പ്രസിദ്ധീകരണങ്ങളെ യഥായോഗ്യം സഹായിക്കുന്നതിന്നും ഈ സഭയ്ക്കു ഉദ്ദേശമുണ്ടു്.

## മെക്സിക്കോയിലെ മേരിദാസൻ.

(റവ. പീററർ കാനാട്ടു.)

മെക്സിക്കോയിലെ മതപീഡനത്തെപ്പററി കേൾക്കാത്തവർ ക്രൈസ്തവലോകത്തിൽ ഇപ്പോൾ ആരുംതന്നെ ഉണ്ടെന്നു തോന്നുന്നില്ല. ഈ മർ

ദ്ദനത്തിൽ ഒട്ടുവളരെ കത്തോലിക്കർ തങ്ങളുടെ സ്രഷ്ടാവിനെപ്രതി ജീവനെപ്പോലും ബലികഴിച്ചുകൊണ്ടു അവരുടെ രക്തത്താൽ സത്യവിശ്വാസത്തരുവിനെ നനച്ചുകൊണ്ടിരിക്കുന്നു. തങ്ങളുടെ മതത്തെപ്രതി ജീവനെ ബലികഴിച്ചുകൊണ്ട് പരലോകരാജന്റെ അനന്തസൌധത്തിൽ ചെന്നെത്തുവാൻ ഭാഗ്യം സിദ്ധിച്ചവരിൽ ഒരുവനാണ് യോവാക്കിം ദെസിൽവാ. ഈ യുവയോദ്ധാവ് തന്റെ രാജാവിനുവേണ്ടി യുദ്ധംചെയ്തു സമ്മാനം വാങ്ങുന്നതിനായി സ്വർഗ്ഗീയനായകന്റെ പക്കലേക്കു പോയിട്ട് ഇനിയും ഒരു വർഷം തികഞ്ഞിട്ടില്ല. ആ ധീരയുവാവിന്റെ ഒരു ചുരുങ്ങിയ ജീവചരിത്രം നമ്മുടെ യുവാക്കന്മാർക്കു രസാവഹവും അനുകരണീയവും ആയിരിക്കുമെന്നു തോന്നുന്നു.

ക്രിസ്ത്വാബ്ദം 1900-ത്തിൽ 'ഗ്വാനായുടൊ' എന്ന നഗരത്തിൽ, ലൂയിസ് ദെസിൽവായുടേയും ദോനാക്രാസ്ക്കോയുടേയും ആറു പുത്രന്മാരിൽ ഒരുവനായി യോവാക്കിം ദെസിൽവാ ജാതനായി. തന്റെ സഹോദരന്മാരെപ്പോലെ യോവാക്കിം അടുത്തുള്ള ഈശോസഭക്കാരുടെ കോളേജിൽ ചേർന്നു പഠിച്ചു ബി. എ. ബിരുദം സമ്പാദിച്ചു. യോവാക്കിം തന്റെ സഹോദരന്മാരെ അപേക്ഷിച്ചു കൂടുതൽ പ്രയത്നശീലനും സുകൃതിയും ആയിരുന്നു. അയാളുടെ സ്വഭാവവൈശിഷ്ട്യത്താൽ 'കുടുംബത്തലവൻ' എന്നാണു പിതാവ് അയാളെ വിളിച്ചുവന്നിരുന്നത്. താൻ സർവ്വകലാശാലാ ബിരുദധാരിയായിരുന്നെങ്കിലും ബാലസഹജമായനിഷ്കല്മഷതയോടെ പരിശുദ്ധ മറിയത്തിൽ അഭയം പ്രാപിച്ചിരുന്നു. ദിനംപ്രതിയുള്ള ദിവ്യകാരുണ്യസ്വീകരണത്തിൽ എന്നുവേണ്ട ജപമാല, ജ്ഞാനവായന, എന്നിത്യാദി സൽകൃത്യങ്ങളിൽ വളരെ നിഷ്ഠയുള്ളവനായിരുന്നു. വേദപ്രചാരണവേലയിൽ ഈ യുവാവിന്റെ തീക്ഷ്ണത ഒന്നു വേറെതന്നെയായിരുന്നു. ഇതിന്റെ ഫലമായി സ്ഥലത്തെ കത്തോലിക്കാ യുവജനസമാജത്തിൽ ഒരു അംഗമായിച്ചേരുകയും, ഏറെത്താമസിയാതെ അതിന്റെ ഒരു നേതാവായിത്തീരുകയും ചെയ്തു.

മതത്തോടും മതാദ്ധ്യക്ഷന്മാരോടും യോവാക്കീമിനുണ്ടായിരുന്ന സ്നേഹബഹുമാനാദികൾ വിസ്മയാവഹമായിരുന്നു. തന്റെ മരണത്തിനു ആറു വർഷം മുമ്പു മതദ്വേഷികളായ ചിലർ അവിടത്തെ മെത്രാപ്പോലീത്തൻ അരമനയെ നശിപ്പിക്കുന്നതിനായി ശ്രമിച്ചു. ഈ അക്രമികളെ യഥാവിധി ശിക്ഷിപ്പിക്കുന്നതിനു തദ്ദേശവാസികൾ ഒരു സംഘം കൂടി തങ്ങളുടെ സങ്കടം അധികാരികളെ അറിയിച്ചു. ഈ സംഘത്തിൽ നമ്മുടെ യോവാക്കിം ഒരു പ്രധാന വ്യക്തിയായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ ഗവർമ്മേണ്ടു അദ്ധ്യക്ഷന്മാരുടെ അനുകൂലികളായിരുന്നതിനാൽ സാധുക്കളായ കത്തോലിക്കരുടെ സങ്കടത്തെ തീരെ അവഗണിച്ചുകൊണ്ട് മൌനം ദീക്ഷിക്കുന്നതിനായി അവരോടാജ്ഞാപിക്കയാണ് ചെയ്തതു. ഈ അനീതിയും സഹിക്കുന്നതിനു അവർ തീർച്ചയാക്കി. ഇങ്ങനെ ഭഗ്നാശയരായി തിരിച്ചുപോരുന്ന വഴിക്ക്, മതവൈരികളിൽ ചിലർ അവരെ പിന്തുടർന്നുകൊണ്ട് പരിഹസിക്കുവാൻ ആരംഭിച്ചു. കത്തോലിക്കരാവട്ടെ ഇതൊന്നും കേട്ടതായി ഭാവിച്ചതേയില്ല. ഇവരെ അലട്ടുന്നതിനു മറ്റൊരു വഴിയുമില്ലെന്നുകണ്ടപ്പോൾ ആ കുടിലബുദ്ധികൾ 'ദൈവദൂഷണം' പറഞ്ഞുതുടങ്ങി. ദൈവസ്നേഹാഗ്നിയാൽ ജ്വലിച്ചുകൊണ്ടിരുന്ന നമ്മുടെ യുവാവിനു ഇതു മർമ്മഭേദകമായിത്തോന്നുകയാൽ ആ മഹാപരാധത്തെ തടുക്കുന്നതിനു ശ്രമിച്ചു. ആ മാത്രയിൽതന്നെ ശത്രുക്കൾ അവരുടെ നേരെ പാഞ്ഞുകയറി ചിലരെ മുറിപ്പെടുത്തുകയും മറ്റു ചിലരെ കൊല്ലുകയും ചെയ്തു. ഉടൻതന്നെ പോലീസുദ്യോഗസ്ഥന്മാർ കത്തോലിക്കരിൽ പലരേയും അറസ്റ്റ്ചെയ്തു കാരാഗൃഹത്തിലേക്കു കൊണ്ടുപോയി. ഈ അപകടത്തിൽ നിന്നു രക്ഷപെടുന്നതിനു യോവാക്കീമിനു സാധിച്ചില്ല. അദ്ദേഹവും കുറേനാൾ കാരാഗൃഹത്തിൽ അടക്കപ്പെട്ടു.

വിസ്തരഭയത്താൽ മറ്റുള്ള സംഗ

തികളെ ഉപേക്ഷിച്ചിട്ട്, യോവാക്കീമിന്റെ കിരീടധാരണത്തെപ്പററി മാത്രമെ അല്പം പ്രസ്താവിക്കുവാൻ കരുതുന്നുള്ളു. മെക്സിക്കോയിലേ മതവൈരികൾ തങ്ങളുടെ വിഷബീജങ്ങൾ നാടെങ്ങും വിതക്കുന്നതിൽ അത്യുൽസുകരായിരുന്നു. 'സൊമോറാ' നഗരം മുഴുവനും ആ കൂട്ടർ 'കളകളെ' കൊണ്ടു നിറച്ചു. നമ്മുടെ കഥാപുരുഷനു ഇതു ഏററം അസഹനീയമായിത്തീർന്നു. എങ്ങിനെയെങ്കിലും അവിടെപ്പോയി ആ 'കളകളെ' ഉന്മൂലനം ചെയ്വാൻ ശ്രമിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. ഈ സാഹസപ്രവൃത്തിയിൽനിന്നുളവായേക്കാവുന്ന അപകടങ്ങളേയും നമ്മുടെ യുവാവു പ്രതീക്ഷിക്കാതിരുന്നില്ല. തന്നെപ്പോലെയുള്ള മററു യുവാക്കന്മാരെയും കൂട്ടിക്കൊണ്ട്, സൊമോറാസ്സു് ഉടൻതന്നെ പുറപ്പെടുന്നതിനു തീർച്ചയാക്കി. അതിനു തന്റെ പ്രിയമാതാവിന്റെ പക്കൽനിന്നു അനുവാദം ലഭിക്കുക എന്നതു അത്ര എളുപ്പമല്ലായിരുന്നു. അശ്രുകണങ്ങൾ പൊഴിച്ചുകൊണ്ടു് ആ സാധ്വി ഇതിനു വിസമ്മതിച്ചു. എന്നാൽ യോവാക്കീം തന്റെ പ്രിയമാതാവിനെക്കാൾ കൂടുതലായി മിശിഹായെ സ്നേഹിച്ചിരുന്നു. മനുഷ്യരക്ഷാർത്ഥം സ്വജീവനെ കുരിശിൽ ബലികഴിപ്പാൻ രക്ഷകനു സമ്മതം നൽകിയ പരിശുദ്ധ മറിയത്തിന്റെ മഹാമനസ്കതയെ ഇത്തരുണത്തിൽ യോവാക്കിം തന്റെ മാതാവിനെ അനുസ്മരിപ്പിക്കയും, വ്യാകുല അമ്മയെ ഓർത്തിട്ടെങ്കിലും തന്നെ അനുവദിക്കണമെന്നു അപേക്ഷിക്കയും ചെയ്തു. ഒടുവിൽ അനുവാദം നൽകുന്നതിനു മാതാവു് നിർബന്ധിതയായി.

1926 സെപ്റ്റംബർ 12-ാംനു- സൊമോറാക്കു പോകുന്ന ഉച്ചവണ്ടിയിൽ കയറുന്നതിനായി ആറുപേർ ഒരുമിച്ചു പ്ലാററുഫോറത്തിൽ തയ്യാറായി. തങ്ങളെ ആരും സംശയിക്കാതിരിക്കുന്നതിനായി പലവണ്ടികളിലായിട്ടു അവർ സ്ഥലം പിടിച്ചു. സിൽവായും തന്റെ ഒരു ഉററസ്നേഹിതനും കൂടെ ഒരു വണ്ടിയിലാണു കയറിയതു്. ഇടക്കുള്ള ഒരാപ്പീസിൽവെച്ചു അപരിചിതനായ വേറൊരാൾ കൂടെ അവരുടെ മുറിയിൽ കയറി. ആ മനുഷ്യൻ അവരോടു വളരെ ആദരവോടെ പെരുമാറി. ആരംഭത്തിൽ തങ്ങളുടെ യാത്രയുടെ ഉദ്ദേശ്യത്തെ ആ മനുഷ്യനോടു വെളിപ്പെടുത്തിയില്ലെങ്കിലും ക്രമശഃ ആ അപരിചിതൻ തന്റെ കുരിശുരൂപം കാണിച്ചുകൊണ്ടു താൻ ഒരു കത്തോലിക്കനാണെന്നു പറകയും, പാടുള്ള എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കാമെന്നു വാഗ്ദത്തം ചെയ്കയും ചെയ്കയാൽ അവരുടെ രഹസ്യോദ്ദേശ്യത്തെപ്പററി അവർ അയാളോടു സംസാരിക്കയുണ്ടായി. വണ്ടി സൊമോറായാപ്പീസിൽ എത്തി നമ്മുടെ കഥാനായകൻ തന്റെ സ്നേഹിതനൊരുമിച്ചു അവിടെ ഇറങ്ങി. അവരോടു സ്നേഹഭാവം നടിച്ചിരുന്ന മനുഷ്യന്റെ ഭാവമൊക്കെ തൽക്ഷണം മാറി. അയാൾ കാലസിന്റെ ഒരു പ്രധാനഉദ്യോഗസ്ഥനായിരുന്നു. തങ്ങളുടെ മതഭ്രാന്തു ഉപേക്ഷിച്ചു് കാലെസിന്റെ സ്നേഹിതരായി വർത്തിക്കണമെന്നു-അഥവാ കത്തോലിക്കാമതം ഉപേക്ഷിക്കണമെന്നു-ഉദ്യോഗസ്ഥൻ അവരെ ഉപദേശിച്ചു. അതിനു വിസമ്മതിക്കയാൽ അവരിരുവരേയും ഉടൻതന്നെ ബന്ധനസ്ഥരാക്കി. 'പതിനെഴു വയസ്സുമാത്രം പ്രായമുള്ള തന്റെ കൂട്ടുകാരനായ മൽഗറേജോയെ വിട്ടയപ്പാനായി യോവാക്കിം അപേക്ഷിച്ചെങ്കിലും ഉദ്യോഗസ്ഥൻ അതൊന്നും അത്ര ഗൌനിച്ചില്ല. 'കാലസ് ജയിക്കട്ടെ' എന്നു വിളിച്ചുപറവാൻ ആജ്ഞാപിച്ചപ്പോൾ, ആ ധീരയോദ്ധാക്കൾ 'ക്രിസ്തുനാഥൻ ജയിക്കട്ടെ' എന്നാണു് അത്യാഹ്ലാദത്തോടെ നിലവിളിച്ചതു്.

ചതിവനായ ഉദ്യോഗസ്ഥൻ വിവരം ഉടൻ കാലസിനെ കമ്പിമൂലമറിയിച്ചു. ഉടനടി വെടിവെച്ചു കൊല്ലുവാനാണു് അവിടെനിന്നു ഉത്തരവുണ്ടായതു്. വിശ്വാസമെന്ന കവചത്താൽ സുരക്ഷിതരായിരുന്ന യുവയോദ്ധാക്കൾ കൊലക്കളത്തിലേക്കു യാത്രയായി. 17-ം, 26-ം വയസ്സു പ്രായമുള്ള ആ രണ്ടു യുവാക്കൾ ജപമാലരാജ്ഞിയുടെ സ്തോത്രങ്ങളെ ഉച്ചരിച്ചുകൊണ്ടു് നിശ്ചിത സ്ഥലത്തേക്കു ആനന്ദത്തോടെ പോകുന്നു. ഏറെ താമസിയാതെ

കുലക്കളത്തിൽ എത്തുകയും ഇരുവരും മരണത്തിനു തയ്യാറാകയും ചെയ്യുന്നു. യോവാക്കിമിന്റെ അപേക്ഷയനുസരിച്ചു 'ക്രിസ്തുവും തന്റെ ദിവ്യമാതാവും ജയിക്കട്ടെ' എന്നുച്ചരിക്കുമ്പോൾ വെടിവെക്കുന്നതിനായി പട്ടാളക്കാർ സമ്മതിച്ചു. ഇതിന്റെശേഷം ആ പുണ്യയുവാവു ചുറ്റും നിന്നിരുന്നവരോടു ഭൗമികസമ്പത്തിന്റെ അനിത്യതയെയും ശൂന്യാവസ്ഥയെയുംകുറിച്ച് അല്പം സംസാരിച്ചു. ഒടുവിൽ കൂട്ടുകാരനെ- തന്നോടുകൂടെ വേദത്തെപ്രതി മരിക്കുവാൻ ആഗ്രഹിച്ചിരുന്ന മൽഗറേജോയെ- ധൈര്യപ്പെടുത്തി. അത്ഭുതം! വെടിവെക്കുവാൻ തയ്യാറായി നിന്നിരുന്ന പട്ടാളക്കാരിൽ ഒരുവൻ എന്തോ അത്യുച്ചത്തിൽ വിളിച്ചുപറയുന്നു; "ഈ ക്രൂരകൃത്യം ഞാൻ ഒരിക്കലും ചെയ്കയില്ല. ഞാനും ഒരു കത്തോലിക്കനാണ്. എന്നെയും ബന്ധിച്ചുകൊൾക." യോവാക്കീമും മൽഗറേജോയും ദൈവത്തിനു ഉപകാരസ്മരണ ചെയ്തുകൊണ്ടു "ക്രീസ്തുവും തന്റെ മാതാവും ജയിക്കട്ടെ" എന്നു നിലവിളിച്ചു. ഇതിനോടെ തോക്കിന്റെ നിറയും ഒഴിഞ്ഞു. ഇരുവരും നിലംപതിച്ചു. അവരെ വെടിവെച്ച പട്ടാളക്കാരിൽ ഒരുവനെ അന്നുതന്നെ ഒരു കുതിര ചവുട്ടികൊല്ലുകയും, പട്ടാളനായകൻ ഈ സംഭവംനടന്ന രണ്ടാംദിവസം രക്തംഛർദ്ദിച്ചു മരിക്കയും ചെയ്തു. ഈ പുണ്യയുവാക്കന്മാരെയും തിരുസഭ രക്തസാക്ഷികളുടെ പട്ടികയിൽചേർക്കുവാൻ രക്തസാക്ഷികളുടെ രാജ്ഞിയായ ദിവ്യജനനി തന്നെ ഇടയാകട്ടെ.

## "എനിക്കൊരടയാളം തരിക."

ഒരു യഥാർത്ഥസംഭവം.

(ശ്രീമാൻ വി. എക്സ്. ചെറിയാൻ; കടപ്ലാമറ്റം.)

നേപ്പിൾസിൽ ജോലിയായിരുന്ന ഒരുദ്യോഗസ്ഥൻ, പെൻഷൻപറ്റി വൃദ്ധയായ തന്റെ മാതാവു താമസിച്ചിരുന്ന സ്വിറ്റ്സർലണ്ടിലേക്ക് മടങ്ങി. അവൾ സാക്ഷാൽ ഒരു ഭക്തയായിരുന്നെങ്കിലും, അവളുടെ മകനായ പ്രസ്തുത ഉദ്യോഗസ്ഥൻ കേവലം ഒരു നിരീശ്വരനായിരുന്നു. എല്ലാ ഞായറാഴ്ചകളിലും താൻ പള്ളിയിൽ പോകയാണെന്ന് അമ്മയെ വിശ്വസിപ്പിച്ചുകൊണ്ട് അയാൾ പുറത്തേക്കു പോയിരുന്നതു മീൻപിടിക്കുവാൻ മാത്രമായിരുന്നു. അധികം ദൂരെയല്ലാതെയുള്ള അരുവിയുടെ തീരത്തെവിടെയോ, അയാൾ തന്റെ ചൂണ്ടയും സമാനങ്ങളും സൂക്ഷിച്ചിരുന്നു. എല്ലാവരും പള്ളിയിലായിരിക്കുന്നതിനാൽ അത്രയും സമയം അയാളെ ആരും കാണുകയുമില്ലായിരുന്നു.

ഇങ്ങനെ ഈസ്റ്റർ കഴിഞ്ഞു. ഒരിക്കൽ ഇടവകവികാരി അയാളുടെ വൃദ്ധയായ മാതാവിനെക്കണ്ടു് അവളോടു അവളുടെ മകന്റെ ദുർന്നടപടികളേയും, പ്രത്യേകം, ഈസ്റ്റർ സംബന്ധിച്ചുള്ള ആണ്ടുകുമ്പസാരംപോലും നടത്താഞ്ഞതിനെയുംപറ്റി സംസാരിച്ചു.

ആ സാധു സ്ത്രീ ഈ വിവരം കേട്ടപ്പോൾ വല്ലാതെ അന്ധാളിച്ചു വീട്ടിലെത്തി മകനേ കർശനമായി ശകാരിക്കയും, ഗുണദോഷിക്കയും ചെയ്തു. അയാൾ തന്റെ തെറ്റുകൾ ശരിയെന്നു സമ്മതിച്ചുയെങ്കിലും അവളുടെ അപേക്ഷയോ, ഉപദേശമോ, കണ്ണുനീരോ അയാളെ മനസ്സുതിരിക്കാൻ കഴിഞ്ഞില്ലതന്നെ.

കുറേനാൾ ഇങ്ങനെ കഴിഞ്ഞപ്പോൾ അവൾക്ക് അത്യാസന്നമായ ദീനം പിടിപെട്ടു മരിച്ചു പോകുമെന്ന നിലയിലായി. അപ്പോഴും അവൾ തന്റെ പുത്രന്റെ മനസ്സുതിരിവിനായി പലവിധ ശ്രമങ്ങൾ ചെയ്തു. എന്നാ

ൽ അയാൾ പറഞ്ഞതിങ്ങനെയായിരുന്നു.

“അമ്മ മരിച്ചശേഷം മറെറാരു ലോകം ഇതിലും സൌഭാഗ്യകരമായി ഉണ്ടെന്നു കാണുന്നപക്ഷം അന്നു്, എനിക്കൊരടയാളം തരിക; അപ്പോൾ ഞാൻ വിശ്വസിച്ചുകൊള്ളാം.”

അമ്മ മരിച്ചു. അവൾ അയാൾക്കു് പ്രത്യക്ഷയായില്ല. ഏതൽഫലമായുണ്ടായ സാഹചര്യങ്ങൾ നമ്മുടെ ഉദ്യോഗസ്ഥനെ അയാളുടെ അവിശ്വാസത്തിൽ ഒന്നുകൂടി സ്ഥിരപ്പെടുത്തിയെന്നു തന്നെ പറയാം. അയാൾ, മരിച്ചുപോയ തന്റെ അമ്മയുടെ വസ്ത്രങ്ങളെല്ലാം ഒരു പെട്ടിയിലാക്കിസ്സൂക്ഷിക്കയും, വീണ്ടും തന്റെ പഴയ നടപടികളെത്തന്നെ തുടരുകയും ചെയ്തു.

ഒരു ഞായറാഴ്ച, പള്ളിയിലെ കർമ്മങ്ങൾ നടക്കുന്ന അവസരത്തിൽ അയാൾ അരുവിയുടെ തീരത്തു് പതിവുപോലെ ചൂണ്ടയിട്ടുകൊണ്ടുനില്ക്കയായിരുന്നു. ഉടനെ അവന്റെ ചൂണ്ടയിൽ ഒരു മത്സ്യം കടിച്ചതുപോലെ തോന്നി. അയാൾ ചൂണ്ട മുകളിലേക്കു് വലിച്ചിട്ടു് എന്തു മത്സ്യമാണു് കിട്ടിയതെന്നു നോക്കാനായി പുറകോട്ടുതിരിഞ്ഞപ്പോൾ വഴിയിൽക്കൂടി താഴോട്ടു് ഒരു സ്ത്രീ വരുന്നതു പെട്ടെന്നു കാണാനിടയായി. പ്രഥമദൃഷ്ടിയിൽ ആ സ്ത്രീ തന്റെ അമ്മയുടെ വസ്ത്രങ്ങൾ പോലെയുള്ള ഉടുപ്പുകളാണു് ധരിച്ചിരിക്കുന്നതെന്നും, വല്ലവരും ഇരിമ്പുപെട്ടി തല്ലിത്തുറന്നു് അതിലുണ്ടായിരുന്ന വസ്ത്രങ്ങൾ എടുത്തതായിരിക്കുമോ, എന്നും ഉള്ള വിചാരമാണു് തൽക്ഷണം അയാൾക്കുണ്ടായതു. പ്രസ്തുത സ്ത്രീയാകട്ടെ, അയാളുടെ വളരെ അടുത്തു മുൻപിലായി വന്നു നിന്നപ്പോൾ, അതു് അയാളുടെഅമ്മയുടെ സ്വന്തരൂപമാണെന്നു് അദ്ദേഹത്തിനു മനസ്സിലായി. അവളുടെ കണ്ണുകൾ അടച്ചിരുന്നുയെങ്കിലും, കണ്ണുനീർധാരയായിപ്രവഹിച്ചുകൊണ്ടിരുന്നു. അവളുടെ കയ്യിലുണ്ടായിരുന്ന ഒരു ജപമാലയിലെ മണികൾ, അവൾ പ്രാർത്ഥിക്കുകയാണോയെന്നു തോന്നുമാറു്, ഒരോന്നായി അവളുടെ വിരലുകൾക്കിടയിൽക്കൂടി നീങ്ങിക്കൊണ്ടിരുന്നു. രണ്ടുപേരും നിശ്ചലരായി യാതൊന്നും ശബ്ദിക്കാതെ അല്പനേരം നിന്നപ്പോൾ ആ ദർശനം മറഞ്ഞുപോയി.

അതിന്റെ ഫലം ഒരു പൂർണ്ണമാനസാന്തരമായിരുന്നു. ഈ സംഭവമെഴുതിയ മതതിഷ്ണതയുള്ള ആ വൈദികൻ ഈ സംഭവത്തെ നമ്മുടെ കഥാനായകനിൽ നിന്നു നേരിട്ടറിഞ്ഞിട്ടുള്ളതാണു്. അതുവരെ നിരീശ്വരനായിരുന്ന ഈ ഉദ്യോഗസ്ഥൻ അനുതാപപ്പെട്ട വേഗത്തിൽ ഒരു നല്ല കുമ്പസാരം കഴിച്ചു. എന്നാൽ അമ്മയുടെ കണ്ണുനീർ കണ്ടപ്പോൾ, തന്റെ പ്രിയപ്പെട്ട ഭക്തയായ അമ്മ മരിച്ചിട്ടു് രണ്ടുകൊല്ലമായിട്ടും, ഇപ്പോഴും ശുദ്ധീകരസ്ഥലത്തിൽ കിടക്കുകയാണോല്ലായെന്നുള്ള വിചാരം, അയാളെ അത്യധികം വേദനപ്പെടുത്തുകയുണ്ടായി. എന്നാൽ മേല്പറഞ്ഞ പട്ടക്കാരൻ അയാളോടിപ്രകാരം പറഞ്ഞു ആശ്വസിപ്പിച്ചു; അവളുടെ കണ്ണുനീരിന്റേയും, പ്രാർത്ഥനയുടേയും സാരം അവൾ ഇപ്പോഴും ശുദ്ധീകരസ്ഥലത്തിൽ കിടക്കുകയാണെന്നു കരുതാനില്ല; പിന്നെയോ, അവളുടെ മകനും അനുതാപത്തിന്റേയും, പ്രാർത്ഥനയുടേയും കണ്ണുനീർ ആശ്യമാകുന്നുവെന്നുകാണിപ്പാനായിരിക്കാം.

ഈ സംഭവങ്ങളെല്ലാം ആ ഉദ്യോഗസ്ഥനിൽ ഒരു പരിപൂർണ്ണവ്യത്യാസത്തെ ഉളവാക്കിയെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. അനന്തരം അയാൾ ഒരു മാതൃകാജീവിതം കഴിക്കയും, വ്യർത്ഥമായ സകലസന്തോഷങ്ങളിൽനിന്നും അകലുകയും, ഭക്തിജനകമായ തന്റെ നടത്തയിൽ വളരെ നാൾ സ്ഥിരമായി ജീവിക്കയും ഒടുവിൽ ഭാഗ്യമരണം പ്രാപിക്കയും ചെയ്തു.

# തിരുഹൃദയഭക്തന്മാർ ഈ കന്നിമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

## മേലധികാരികളോടുള്ള ബഹുമാനം.

സൃഷ്ടികൎത്താവായ ദൈവത്തിനാണു അഖിലലോകത്തിന്മേലും അതിലുള്ള സകലചരാചരങ്ങളിന്മേലും പരിപൂൎണ്ണകൎത്തൃത്വം ഉള്ളതു്. ഇപ്രകാരമുള്ള തന്റെ കൎത്തൃത്വത്തെ സൃഷ്ടികൾക്കും അവിടവിടെയായി കുറേശ്ശ താൻ നൽകിയിട്ടുണ്ടു്. അങ്ങനെ ദൈവത്തിൽനിന്നു അധികാരം സിദ്ധിച്ചിട്ടുള്ളവൎക്കു അധീനരായിട്ടുള്ളവർ ആ അധികാരികൾക്കു വിധേയരായി വൎത്തിപ്പാൻ കടപ്പെട്ടവരാകുന്നു. കുടുംബത്തലവനു കുടുംബാംഗങ്ങളും, നഗരാദ്ധ്യക്ഷനു നഗരവാസികളും, രാജ്യാധിപനു അദ്ദേഹത്തിന്റെ പ്രജകളും, സഭാപ്രമാണിക്കു തദനുയായികളും കീഴ്പ്പെട്ടു് ആജ്ഞാനുവൎത്തികളായിരിക്കേണ്ടതു പ്രസ്തുത ഓരോ സ്ഥാപനങ്ങളുടെയും നിലനില്പിനും അഭിവൃദ്ധിക്കും ഒഴിച്ചുകൂടാത്തതാണെന്നു അനുഭവബോദ്ധ്യമാണല്ലോ. മേല്പറഞ്ഞ ഓരോ അവാന്തരവിഭാഗങ്ങൾ ചേൎന്നിട്ടാണു മനുഷ്യസമുദായം സ്ഥിതിചെയ്യുന്നതു്. ഈ ഓരോ യന്ത്രങ്ങളും ശരിയായി നടന്നുകൊണ്ടിരുന്നാൽ ഭൂലോകം സമാധാനസംപൂൎണ്ണമായിരിക്കും. ഇതിന്റെ ഏതെങ്കിലും ഒരു ഘടകത്തിൽ ഈ ആജ്ഞാബന്ധത്തിനു വിഘാതംനേരിട്ടുകഴിഞ്ഞാൽ അതു ആകെയുള്ള മാനുഷസമുദായത്തിനു തന്നെ ഏറക്കുറെ പ്രതിബന്ധ കാരണമായിത്തീരുന്നു. അതിനാൽ ഏതുസമുദായത്തിനും ഒരു നായകനുണ്ടായിരിക്കണം; അദ്ദേഹത്തിന്റെ അധികാരം സമസ്താധികാരകൎത്താവായ ദൈവത്തിൽനിന്നും തന്നെയുള്ളതാണു; ആ അധികാരത്തെ അനുസരിച്ചു ജീവിപ്പാൻ കീഴുള്ളവൎക്കു എല്ലാവൎക്കും ഗൌരവമായ കടമയുണ്ടു്. ലൌകികമായതും വൈദികമായതുമായ എല്ലാ അധികാരികളെ സംബന്ധിച്ചുമുള്ള ഈ തത്വങ്ങൾ ലോകം വിസ്മരിച്ചുപോകുന്നതിനാലുണ്ടാകുന്ന ദോഷഫലങ്ങളാണു ഇന്നു സൎവ്വത്ര പ്രത്യക്ഷപ്പെടുന്നതു. സ്വാതന്ത്ര്യപ്രിയവും അഹങ്കാരബുദ്ധിയും നിമിത്തം അധികാരസീമയിൽ നിന്നു പാട്ട പോലെ ഒഴിഞ്ഞു പോകുന്നതിനുള്ള ശ്രമങ്ങൾ എവിടെ നോക്കിയാലും കാണാം. അതുനിമിത്തമുള്ള അസംതൃപ്തികളും, വിപ്ലവങ്ങളും, ആത്മനാശങ്ങളും ഇത്രയെന്നു ആരെയും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. പരമകൎത്താവായ ദൈവത്തോടു മറുതലിച്ച ലൂസിഫെറിന്റെയും അവന്റെ അനുഗാമികളുടെയും ദുൎബ്ബോധനയാണു് അധികാരത്തിനെതിരായി ലോകത്തെ ക്ഷോഭിപ്പിച്ചുകൊണ്ടിരിക്കുന്നതു്. ലൂസിഫെറിനും കൂട്ടൎക്കുമുണ്ടായ അനുഭവമല്ലാതെ ഈ തരത്തിൽപെട്ട ആളുകൾക്കും ഉണ്ടാകുന്നതല്ലെന്നു നിശ്ചയംതന്നെ. അതിനാൽ ലോകം അതിന്റെ അന്ധതയിൽനിന്നു മാറി അധികാരത്തിനു വിധേയമായി വൎത്തിപ്പാൻ ഇടവരുന്നതിനുവേണ്ടി തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകം പ്രാൎത്ഥിക്കണം.



ഒക്ടോബർമാസം:— "വിശ്വാസവൎദ്ധനവു്."

## കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്.

### 1. വി ലൂയീസ് ഗൊൺസാഗാ.

10 പ്രതിബന്ധങ്ങൾ.

പ്രി. കുഞ്ഞുങ്ങളേ,

ഈശോസഭയിൽ ചേരണമെന്നുള്ള വി. ലൂയീസിന്റെ നിശ്ചയത്തിനു എന്തെല്ലാം പ്രതിബന്ധങ്ങളുണ്ടായെന്നു പറവാൻ പ്രയാസം. എന്തെല്ലാം വന്നാലും മകനേ വിട്ടയക്കയില്ലെന്നു പിതാവു ശാഠ്യം, എന്തുതന്നെ സംഭവിച്ചാലും, ദൈവവിളിയ്ക്കു ഉപേക്ഷിക്കുന്നതല്ലെന്നു വി. ലൂയീസും നിശ്ചയിച്ചു. ഇങ്ങനെ രണ്ടുഭാഗത്തും സ്ഥിരനിശ്ചയത്തോടുകൂടെ ആരംഭിച്ച ആ യുദ്ധം രണ്ടു മൂന്നു കൊല്ലത്തോളം നീണ്ടുനിന്നു. സ്പെയിനിൽനിന്നു പിന്തിരിയുന്നതിനു മുമ്പുതന്നെ കാര്യം തീർച്ചപ്പെടുത്തണമെന്നു ലൂയീസു അപേക്ഷിച്ചതിൽ പിതാവു ആദ്യം ഭയംകൊണ്ടും പിന്നെ നയംകൊണ്ടും പുത്രനേ സമാധാനപ്പെടുത്താൻ ശ്രമിച്ചു. അങ്ങിനെയിരിക്കെ ഒരു ദിവസം സഹോദരനോടുകൂടെ ലാത്താനിറങ്ങിയപ്പോൾ ലൂയീസു അടുത്തുണ്ടായിരുന്ന ഈശോസഭക്കാരുടെ ഒരു ആശ്രമത്തിലേക്കു കയറിയിട്ടു അനുജനേ പറഞ്ഞയച്ചുകളകതന്നെ ചെയ്തു. എങ്കിലും ഇററലിയിൽ മടങ്ങിയെത്തുമ്പോൾ കാര്യമെല്ലാം അനുകൂലത്തിൽ തീരുമാനിച്ചുകൊള്ളാമെമെന്നുള്ള വാഗ്ദാനത്തിന്മേൽ ലൂയീസിനെ തിരികെകൊണ്ടുപോരികയും, അധികം താമസിയാതെ അവർ ഇററലിയിലേക്കു മടങ്ങുകയുമാണുണ്ടായതു. അവിടെച്ചെന്നിട്ടു നാനാപ്രകാരത്തിലുള്ള പ്രതിബന്ധങ്ങൾ ലൂയീസിനു പിന്നെയും വന്നുകൂടി. യൂറോപ്പിലേ പല രാജാരമനകളിലേക്കും തന്റെ പ്രതിപുരുഷനായി ലൂയീസിനേ അയച്ച്, ആവഴിയ്ക്കു മനസ്സുമാററാമോ എന്നു പിതാവു ശ്രമിച്ചുനോക്കി. അനന്തരം പലവലിയ ആളുകളേക്കൊണ്ടു ലൂയീസിനേ പരിശോധന കഴിപ്പിച്ചു. ഒരു മെത്രാൻതന്നെയും നമ്മുടെവിശുദ്ധബാലനോടു തന്റെ ദൈവവിളിപ്പിനു എതിരായി ഉപദേശിച്ചുനോക്കി. ഒന്നുകൊണ്ടും ഫലിച്ചില്ല. എല്ലാകൊടുങ്കാററിലും വിശുദ്ധൻ പാറപോലെ സ്ഥിരമായി നിന്നു "എന്റെ മാതാപിതാക്കന്മാരെ ഞാൻ സ്നേഹിക്കുന്നു; എന്നാൽ അവരേക്കാൾ അധികമായി എന്റെ ദൈവത്തെ ഞാൻ സ്നേഹിക്കുന്നു; അതിനാൽ ദൈവവിളിപ്പിനെ ഉപേക്ഷിപ്പാൻ നിവൃത്തിയില്ല" എന്നു തന്നെ ആദ്യന്തം വിശുദ്ധ ബാലൻ വാദിച്ചു. പ്രി. കുഞ്ഞുങ്ങളേ, ദൈവതോന്നിപ്പുകളെ കൂട്ടാക്കാതെ നടക്കുന്നതു എത്ര കഠിനകരമാണെന്നു നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? നമ്മുടെ മാതാപിതാക്കന്മാർ മുതലായവർക്കു ന്യായമായ എല്ലാകാര്യങ്ങളിലും നാം കീഴ്വഴങ്ങണം. എന്നാൽ ദൈവതിരുമനസ്സിനു വിപരീതമായി അവരുതന്നെ എന്തുപറഞ്ഞാലും നമുക്കു അനുസരിപ്പാൻ പാടില്ല. ഇങ്ങോട്ടുവാ എന്നു ദൈവം ആജ്ഞാപിക്കുമ്പോൾ അതിനു വിരോധമായി കാരണവന്മാരോ ബന്ധുമിത്രങ്ങളോ പറയുന്നതു കേട്ടുപോകാമോ?

### 11. ഈ മാസത്തെ മദ്ധ്യസ്ഥ - ജനോവായിലെ വി. കത്രീനാ.

(തിരുനാൾ സെപ്റ്റംബർ 14-ാംനു- ബുധനാഴ്ച.)

ഇററലിയിലെ ഒരുയന്ന കുടുംബത്തിൽ ജനിച്ച ഈ പുണ്യവതി ചെറുപ്പത്തിൽവളരെ ഭക്തിയായിട്ടുള്ള ഒരു ജീവിതം കഴിച്ചുവന്നു. വിവാഹശേഷം ഭർത്താവിന്റെ ദുർമ്മാതൃക നിമിത്തം അത്രയത്തെ നല്ലജീവിതമുറയെല്ലാം ഉപേക്ഷിപ്പാനിടയായി. ദൈവസഹായത്താൽ പുണ്യവതി തന്റെ അധഃപതനസ്ഥിതി മനസ്സിലാക്കികൊണ്ട് "എന്റെ ദൈവമേ! മേലിൽ ഞാൻ യാതൊരു പാപവും

ചെയ്കയില്ല" എന്ന പ്രതിജ്ഞയോടുകൂടെ കൎത്താവിലേക്കു പിന്തിരിഞ്ഞു. അനന്തരമുള്ള ജീവിതം ഏവൎക്കും അത്ഭുതം തോന്നിക്കത്തക്കതായിരുന്നു. ശുദ്ധീകരാത്മാക്കളേ സഹായിക്കുന്നതിൽ ഈ പുണ്യവതിക്കുണ്ടായിരുന്ന ശുഷ്കാന്തി അത്യന്തം അനുകരണീയം തന്നെ. "വി. കത്രീനായെ! പാപം ചെയ്യുന്നതിനേക്കാൾ മരിപ്പാൻ മനോഗുണം തരുവിക്കേണമേ"



കെ. സി. സി ഏ. സംയുക്തവാൎഷികസമ്മേളനം.

പാലാ, ൧൯൨൭ മേ ൩-ാംനു-.

## 111 കെ. സി. സി. ഏ. ഡയറി.

കെ. സി. സി. ഏ. യുടെ അഭ്യുദയകാംക്ഷികളിലൊരാളായ വടക്കേയിൽ ബ. അബ്രാഹമച്ചൻ അവർകൾ ബി. ഏ. പി. എച്ച്. ഡി. ഡി. ഡി. റോമിൽ നിന്നെഴുതിയിട്ടുള്ള എഴുത്തിന്റെ ഒരു ഭാഗം കുഞ്ഞുമക്കൾക്കു വളരെ ആശ്വാസജനകമായിരിക്കുമെന്നു കരുതി താഴെച്ചേൎക്കുന്നു. "അനുദിനദിവ്യപൂജയിൽ കൊച്ചച്ചനേയും കുഞ്ഞുമക്കളേയും പ്രത്യേകം അനുസ്മരിക്കുന്നുണ്ടെന്നു പണ്ടേ അറിയിച്ചിട്ടുണ്ടല്ലൊ. യാത്രമദ്ധ്യേ പല തിരുസ്ഥലങ്ങൾ സന്ദൎശിക്കാൻ നിശ്ചയിച്ചിട്ടുണ്ട്. അവിടെയൊക്കെ കെ. സി. സി. ഏ. കാൎയ്യം താല്പൎയ്യമായി ഓൎത്തുകൊള്ളാം. ലിസ്യൂവിലും ലൂൎദിലും ചെല്ലുമ്പോൾ കൊച്ചച്ചനേയും കുഞ്ഞുങ്ങളേയും വിശേഷവിധിയായി ഓൎക്കാതിരിക്കുന്നതല്ല..."

* * *

പി. എച്ച്. ഡി. ഡി. ഡി. എന്ന ബിരുദങ്ങൾ പ്രാപിക്കയും, ജനുവരി 6-ാം തീയതി നവപൂജ അൎപ്പിക്കയും ചെയ്തശേഷം ബ. അബ്രാഹമച്ചൻ ജൂലൈ 6-ാംനു- റോമയിൽ നിന്നു പുറപ്പെട്ടിരിക്കയാണ്. യൂറോപ്പിലെ പല പുണ്യസ്ഥലങ്ങളും, ഒടുവിൽ

പലസ്തീനാ രാജ്യവും സന്ദർശിച്ചിട്ടു ഈ മാസം പകുതിയോടുകൂടെ അദ്ദേഹം നാട്ടിലെത്തുന്നതാണ്. കുഞ്ഞുമക്കളെ ഇത്ര വാത്സല്യപൂർവ്വം സ്നേഹിക്കുന്ന ഈ വന്ദ്യ വൈദികനുവേണ്ടി നാമും പ്രത്യേകം പ്രാർത്ഥിക്കണമെന്നു പറയേണ്ടതില്ലല്ലൊ.

* * *

കെ. സി. സി. ഏ. ഡിപ്പോകളുടെ ശ്രമം പലടത്തും ഊർജ്ജിതത്തിൽ നടന്നുവരുന്നുണ്ടെങ്കിലും പത്തുപന്ത്രണ്ടു സ്ഥലങ്ങളിൽ മാത്രമേ ഇതിനകം ക്രമമായി നടപ്പിൽ വന്നിട്ടുള്ളു. മഴക്കാലവും ക്ഷാമകാലവുമായതുകൊണ്ട് ഇപ്പോൾ കുറെ ബുദ്ധിമുട്ടില്ലെന്നില്ല. എങ്കിലും മാന്നാനത്തെ കുഞ്ഞുമക്കളുടെ ഡിപ്പോ കൃത്യമായി നടന്നുവരുന്നുണ്ട്. ഞായറാഴ്ചതോറുംകാലത്തു ജനറൽ സെക്രട്ടറി തന്റെ കുഞ്ഞു ഡിപ്പോയുമായി പള്ളിവാതുക്കൽ ഹാജരായി പ്രേഷകജോലി നടത്തുന്ന കാഴ്ച കാണ്മാൻ ആർക്കും കൗതുകം തോന്നും. കൊന്തകൾ കാശുരൂപങ്ങൾ പുസ്തകങ്ങൾ മുതലായവ എടുത്തുനോക്കിയിട്ടുപോകുന്നവരായിരിക്കും ആരംഭത്തിൽ അധികം. എങ്കിലും സ്ഥിരമായിനിന്നാൽ ക്രമേണ വലിയ ഫലമുണ്ടാകാതിരിക്കയില്ല. സെൻറുജോസഫ്സ് പ്രസ്സ് മാന്നാനം, പി. പാപ്പികമ്പനിയാർ മാന്നാനം, കത്തോലിക്ക ഡിപ്പോ എർണാകുളം, എന്നീസ്ഥലങ്ങളിലെല്ലാം ഡിപ്പോവകക്കു വേണ്ട ആനുകൂല്യങ്ങൾ ചെയ്തു തരുന്നതിന്നു ഏർപ്പാടു ചെയ്തിട്ടുണ്ടു.

വാർഷികപുസ്തകത്തിനുള്ള ബ്ലോക്കുകൾ തയ്യാറാക്കിവരുന്നു. ഒടുവിൽകിട്ടിയ ഫോട്ടോകളും അയച്ചുകഴിഞ്ഞു. അതിനാൽ ഇനി ഇക്കൊല്ലത്തേയ്ക്കു അയച്ചിട്ടു ആവശ്യമില്ലെന്നു അറിയിച്ചുകൊള്ളട്ടെ. മെഡൽ മുഴുവനും തീർന്നുപോയി. അതുകൊണ്ടാണ് ആവശ്യപ്പെട്ടവർക്കു അയക്കാഞ്ഞത്. ആവശ്യമുള്ള സംഘക്കാർ ഒരു കാർഡു എഴുതി അയച്ചാൽ ആകപ്പാടെ തൽക്കാലം എന്തുമാത്രം വേണ്ടിവരുമെന്നു അറിഞ്ഞിട്ടു കുറേക്കൂടെ ഒന്നാകെ എഴുതി വരുത്താവുന്നതാണ്. വരുത്തിവച്ചിട്ടു പണം അയക്കാതിരുന്നാൽ ജർമ്മൻകാരുടെ ഭാവം മാറുമെന്നു മനസ്സിലാക്കണം.

* * *

ഈ മാസത്തെ ആകെ വരവ്. 35 രു. 24 ചക്രമാണ്. മരിച്ച ഒരുസംഘാംഗത്തിനുവേണ്ടിയുള്ള കുർബാനയ്ക്കും ഒപ്പീസിനും ഒന്നര രൂപാ കഴിച്ച് രണ്ടു രൂപാ പൊതുഫണ്ടിലേയ്ക്കെടുത്തിട്ടുള്ളതുൾപ്പെടെ ബേങ്കിൽ ഇപ്പോൾ ആകെ 54 രൂപായാണുള്ളതു.

* * *

എല്ലാവർക്കും അമ്മയുടെ പിറവിത്തിരുനാളിന്റെ മംഗളം ആശംസിക്കുന്നു. നിങ്ങളുടെ എരിവുള്ള നിർമ്മല പ്രാർത്ഥനകളിൽ എന്നെയും വിസ്മരിക്കരുതേ എന്നും വീണ്ടും വീണ്ടും ഓർപ്പിച്ചുകൊള്ളുന്നു.

എന്നു നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

---

## പുതിയ പ്രസിദ്ധീകരണങ്ങൾ.

### I. കൂലിവേലക്കാരനായ മാററ ടാൽബോട്ട്.

കൊൺവേർഷ്യൻ ലീഗ് വരാപ്പുഴ.

വില 1 അണ.

കുടിലിലും കൊട്ടാരത്തിലും ഒരുപോലെ പ്രവേശിക്കുന്നതും ദരിദ്രനേയും കുലീനനേയും ഒരേ വിധത്തിൽ വന്ദനീയനാക്കിത്തീർക്കുന്നതുമായ സുകൃത പരിമളമാണു രണ്ടു മൂന്നു കൊല്ലം മുമ്പു അയർലണ്ടിൽ വച്ചു നിര്യാതനായ മാററുടാൽബോട്ട് എന്ന ഒരു വേലക്കാരനെ ഇപ്പോൾ ലോക പ്രസിദ്ധനാക്കിത്തുടങ്ങിയിരിക്കുന്നതു. കൊൺവേർഷ്യൻലീഗുകാർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള അദ്ദേഹത്തിന്റെ ഈ ജീവചരിത്രസംക്ഷേപം സാധാരണ ജനങ്ങൾക്കു അത്യന്തം പ്രയോജനകരമായിരിക്കും.

### 2 ചെറിയാന്റെ ചരമഗതി.

തെക്കേക്കുന്നേൽ ജോസഫ് വക്കി

കോതമംഗലം

വില ഒരുചക്രം.

ഏതാനും മാസങ്ങൾക്കു മുമ്പു നി

ശ്ശാതനായ ഇലഞ്ഞിക്കൽ വക്കീ ചെറിയാൻ അവർകളുടെ ജീവചരിത്രത്തെ അടിസ്ഥാനപ്പെടുത്തി വഞ്ചിപ്പാട്ടുരീതിയിൽ എഴുതപ്പെട്ടിട്ടുള്ള ഈ ചെറിയ പുസ്തകം, മാതൃകായോഗ്യനായ ആ യുവാവിന്റെ നിര്യാണത്തിൽ ആക്കം സഹതാപം ജനിപ്പിക്കുന്നതാകുന്നു.

## വർത്തമാനസംഗ്രഹം.

### കേരളം.

സുഖവാസത്തിനായി ഊട്ടിയിലെഴുന്നള്ളിയിരുന്ന ശ്രീചിത്തിര തിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു അമ്മമഹാറാണി, സ്വസഹോദരങ്ങൾ എന്നീ തിരുമേനിമാരോടൊന്നിച്ചു തിരിച്ചു തിരുവനന്തപുരത്തെഴുന്നള്ളിയിരിക്കുന്നു. വഴിമദ്ധ്യേ തിരുമേനിമാർ കോട്ടയം വള്ളംകളി സന്ദർശിക്കയും മഹാരാജാവു തിരുമനസ്സുകൊണ്ട് ഈ വള്ളംകളിയിൽ പ്രതിവർഷം വിജയികളാകുന്നവർക്കു സമ്മാനിക്കുന്നതിനായി ഒരു സ്വർണ്ണകപ്പ് ദാനം ചെയ്കയുമുണ്ടായി. ഇക്കൊല്ലാം പ്രസ്തുത കപ്പു ലഭിച്ചതു കൈനകരി ചുണ്ടൻവള്ളത്തിനാണ്.

സെപ്റ്റംബർ 20-ാംനു മുതൽ 9 ദിവസത്തേക്കു പാവർട്ടി ആശ്രമദേവാലയത്തിൽ വി. കൊച്ചുത്രേസ്യായുടെ പീഠത്തിന്മേൽ ആഘോഷമായ നവനാൾ ജപങ്ങൾ നടത്തുന്നതും, അനന്തരം സെപ്റ്റംബർ 29, 30, ഒക്ടോബർ 1 ഈ തീയതികളിൽ നാല്പതുമണിയാരാധനയും, ഒക്ടോബർ 3-ാംനു വി. കൊച്ചുത്രേസ്യായുടെ തിരുനാളും കൊണ്ടാടുന്നതുമാണ്. നവനാൾ പീഠത്തിലേക്കുള്ള അപേക്ഷകൾ മുതലായവ "നവനാൾ പീഠം, ആശ്രമദേവാലയം, Pavartty, S. Malabar." എന്ന മേൽവിലാസത്തിൽ തപാലിൽ അയക്കേണ്ടതാണ്.

കരുകുറ്റി കർമ്മലീത്താമഠത്തിലെ കപ്പേളയിൽ വിശുദ്ധ കൊച്ചുത്രേസ്യായുടെ സ്തുതിക്കായി പ്രതിമാസം മൂന്നുനവനാൾ ജപങ്ങൾവീതം നടത്തിവരുന്നുണ്ട്. "ശ്രേഷ്ഠത്തിയമ്മ. തിരുഹൃദയമഠം കരുകുറ്റി. അങ്കമാലി" എന്നമേൽവിലാസത്തിൽ നവനാൾ പീഠത്തിലേക്കു എന്നുകൂടി കാണിച്ചു അയക്കുന്ന അപേക്ഷകളെല്ലാം നവനാൾ അവസരങ്ങളിൽ പീഠത്തിൽവച്ചു അപേക്ഷ നടത്തുന്നതും അനന്തരം പൊട്ടിക്കാതെ നശിപ്പിച്ചുകളയുന്നതുമാണ്. ചെറുപുഷ്പഭക്തന്മാർ അയച്ചുകൊടുക്കുന്ന ദാനങ്ങൾ തിരുഹൃദയപ്രതിഷ്ഠയ്ക്കായി പണിതുവരുന്ന ദേവാലയത്തിലേക്കു ഉപയോഗപ്പെടുത്തുന്നതായിരിക്കും.

### ഭാരതം.

ഡലഗേറ്റപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു ഈ മാസാരംഭത്തിൽ കൊളമ്പു അതിരൂപത സന്ദർശിക്കുന്നതാണെന്നറിയുന്നു.

## മനോഗുണവിവരങ്ങൾ.

☞ ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേറടച്ചു അപേക്ഷിക്കണം.

കൊഴുവനാൽ കപ്പേളയിലെ പരിശുദ്ധ ദൈവജനനിയുടെയും മാർ യൌസേപ്പുപിതാവിന്റെയും സഹായത്താൽ എന്റെ പനി സുഖപ്പെട്ടതിന്.

ത്രേസ്യാ ചൊള്ളമ്പുഴ, കൊഴുവനാൽ.

വിശുദ്ധ കൊച്ചുത്രേസ്യായുടെയും കുര്യാളശ്ശേരിൽ മാർതോമ്മാ മെത്രാനച്ചന്റെയും സഹായത്താൽ എനിക്കു സെമിനാരിയിൽ പ്രവേശനം കിട്ടിയതിനു.

പി. ജെ. എം. ഇത്തിത്തറ.

പരിശുദ്ധ മാതാവിന്റെയും. വി. കൊച്ചുത്രേസ്യായുടെയും മദ്ധ്യസ്ഥതയിൽ ഈശോയുടെ തിരുഹൃദയാനുഗ്രഹംവഴി പരീക്ഷയിൽ ജയിച്ചതിനു. ബ്രജീത്താ തോമസ് പാഴുക്കുളം.

തിരുക്കുടുംബത്തിന്റെ പ്രത്യേക സഹായത്താലും വി. അന്തോനീസിന്റെയും കൊച്ചുത്രേസ്യായുടെയും മാദ്ധ്യസ്ഥതയാലും പല അസാദ്ധ്യകാര്യങ്ങൾ സാധിച്ചതിനു.

വക്കി. എം. ഡി.

മാർയൌസേപ്പ് പിതാവിന്റെ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

കെ. വി. ആർ. അയ്യംതങ്ങ്.

കർമ്മലമാതാവിന്റെയും, മാർ അന്തോനീസിന്റെയും, ജോസഫ് വാസിന്റെയും തോമ്മാശ്ലീഹായുടെയും സഹായത്താൽ സിലോൺ പോലീസിൽനിന്നു പെൻഷൻ പററി പിരിവാൻ ഇടയായതിനു.

പി. ജെ. ഫർനാണ്ടസ് സിലോൺ.

കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥതയപേക്ഷിച്ച കാര്യം സാധിക്കുന്നപക്ഷം കുസുമത്തിൽ പരസ്യംചെയ്യാമെന്നു നേർന്നപ്രകാരം പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു.

വി. ആർ. എം. ജോസൂവാച്ച്.

കർമ്മലമാതയുടെയും കെ സി സി. ഏ. മദ്ധ്യസ്ഥന്മാരുടെയും പ്രത്യേക സഹായത്താൽ സഭാംഗമായ ഞാൻമാത്രം ക്ലാസിൽനിന്നു സ്കൂൾലീവിങ്ങിനു ജയിച്ചതിനു.

സി. ഏ. രാമപുരം.

തിരുഹൃദയത്തിന്റെയും വി. അന്തോനീസിന്റെയും വി. കൊച്ചുത്രേസ്യായുടെയും മദ്ധ്യസ്ഥതയിൽ എന്റെ ഭാര്യയുടെ സുഖക്കേടു ഭേദമായതിനു.

എം പി. ദേവസ്യാ പൂവരണി.

ചെങ്ങളം വി. അന്തോനീസിന്റെയും കല്ലൂർക്കുളം തിരുക്കുടുംബത്തിന്റെയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു.

ടി. ജെ. എം.

അഞ്ചു പത്തുകൊല്ലത്തോളമായി എന്റെ കാലിൽ ബാധിച്ചിരുന്ന ചുട്ടവാതത്തിന്റെ സുഖക്കേടും ഭാര്യയുടെയും കുട്ടികളുടെയും സുഖക്കേടും കർമ്മലമാതാവിന്റെ സഹായത്താൽ നീങ്ങുകയും, കച്ചവടത്തിൽ ഗുണം കിട്ടുകയും ചെയ്തതിനു ഉപകാരസ്മരണ.

എ. എം. മത്തായി. തൊടുപുഴ.

## ചരമ വാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

അരുവിത്തുറപള്ളിയിടവക 132-ാം നമ്പർ കെ. സി. സി. ഏ. സംഘാംഗമായ കല്ലാച്ചേരി തോമസ് അവർകളുടെ ഭാര്യ ശ്രീമതി റോസമ്മ. കർക്കടകം 1-ാംനു- 19വയസ്സ്

പള്ളിപ്പുറം 430-ാം നമ്പർ കെ. സി. സി. ഏ. അംഗമായ പുന്നാസ്സേരി ഔസേപ്പ് വക്കി ജൂലൈ 6-ാംനു- 16 വയസ്സ്.

വാഴക്കുളം ഇടവക നെല്ലിക്കുന്നേൽ വക്കി അവർകളുടെ ഭാര്യ ശ്രീമതി ഏലിയാമ്മ ജൂലൈ 16ാംനു- 77 വയസ്സ്

അരക്കുഴപള്ളിയിടവക നെടുമ്പുത്തുറ ഉലഹന്നൻ അവർകൾ ജൂലൈ 22-ാംനു- 72 വയസ്സ്.

പാലായിടവക പുഞ്ചേക്കുന്നേൽ ഡോക്ടർ വറുഗീസു അവർകളുടെ പിതാവു അവുസേപ്പു അവർകൾ ജൂലൈ 23ാം-നു- 70 വയസ്സ്.

കല്ലടപള്ളിയിടവക കരോട്ടുതെക്കേതിൽ കടവിൽ ശ്രീമതി ബ്രിജിത്താ ജൂലൈ 24-ാംനു- 20 വയസ്സ്.

പാലായിടവക പാലത്തുങ്കൽ ഇട്ടി അയ്പു ഇട്ടിച്ചെറിയതു അവർകൾ ആഗസ്റ്റ് 5-ാംനു- 87 വയസ്സ്.

മുത്തോലി മഠത്തിൽ ക. നി. മൂ. സ. ബ. സഹോദരി റീത്താ (പുഞ്ചേക്കുന്നേൽ) ആഗസ്റ്റ് 8-ാംനു- 21വയസ്സ്

പുളിംകുന്നു ഇടവക വാടയ്ക്കൽ നൈനാൻ തൊമ്മൻ അവർകൾ ആഗസ്റ്റ 13-ാംനു- 65 വയസ്സ്.

കുടമാളൂർ പള്ളിയിടവക തുരുത്തിൽ കുര്യൻ ലൂക്കാ അവർകൾ ആഗസ്റ്റ 17-ാംനു- 51 വയസ്സ്

കുടല്ലൂർ പള്ളിയിടവക മാപ്ലട്ടബെ. തോമ്മാച്ചൻ അവർകൾ ആഗസ്റ്റ 18-ാംനു- 63 വയസ്സ്.

ചവറതലമുകിൽ പള്ളിയിടവക മേക്കതിൽ കെ. വി. പോൾഫെർനാണ്ടസ് അവർകൾ ആഗസ്റ്റ 19-ാംനു- 73 വയസ്സ്.

കലൂർ ഇടവക ചമ്മിണി റവ. ഫാദർ തോമസ് ആഗസ്റ്റ് 20-ാംനു-.

തുരുത്തിയിടവക ക. നി. മൂ. സ. ബ. ലൂയീസച്ചൻ അവർകളുടെ ജ്യേഷ്ഠസഹോദരൻ അവുസേപ്പു അവർകൾ ആഗസ്റ്റ 22-ാംനു- 68 വയസ്സ്.

# പഞ്ചാംഗം.

എപ്പകത്തി ൨൭.　　　　൧൦൩൭　　　　ഞായറാഴ്ച അക്ഷരം . ബ

## ൧൯൨൭ സെപ്തമ്പർ — ൧൧൦൩ ചിങ്ങം— കന്നി.

| | | | | |
|---|---|---|---|---|
| 1 | 16 | വ്യാ | ആബാ ഏജീദിയോസ്സ ന. ആ. ക. പെ. | വെ |
| 2 | 17 | വെ | ✻ രാജാ. മാ. എസ്തപ്പാനോസ്സ ന. ആ. ക. പെ. | വെ |
| 3 | 18 | ശ | ✻ മാ. കുരിശിന്റെ പൗലോസ്സഏ വപ്പ ന.ആ.ക.പെ. | വെ |
| 4 | 19 | ഞാ | ✠ പന്തക്കു ൧൨-ാം ന. കു. ആ.　　.൭൫ ൭ .൫ | പ |
| | | | അട്ടത്ത ബുധൻ ഇ. വിലക്ക വ്യാഴം കടം. | |
| 5 | 20 | തി | ✻ അ. മാ ലവരെന്താ. യുസ്റ്റി. ന. ആ. കു. പെ. | വെ |
| 6 | 21 | ചൊ | മിഖായേൽ മാലാ പ്രത്യ. മേയിവ്വ ന. ആ. കു. പെ. | വെ |
| 7 | 22 | ബു | പാ. മാ. സെല്ലസ്റ്റീൻ മെയിപ്പൻ ന.ആ. കു.പെ. ഇ. വി. | വെ |
| 8 | 23 | വ്യാ | ✠ ക. മാ. പിറപ്പി ന. കു. പെ | വെ |
| | | | കൊടവച്ചൂർ, മാലം, നാഗപ്പുഴ, പുളിംകുന്നു, കറവിലങ്ങാട്ടു, കട്ടുത്തുരുത്തി, കാഞ്ഞിരപ്പള്ളി പഴയപള്ളി, ഇത്തിത്താനം എടത്തുരുത്തി, വേലൂർ. | |
| 9 | 24 | വെ | വേ. ഗോർഗോനിയോസ ന. ആ. കു. പെ. | ചു |
| 10 | 25 | ശ | മാ. നിക്‌ളാവോസ്സ ന. ആ. കു. പെ. | വെ |
| 11 | 26 | ഞാ | ✠ പന്ത. ൧൩-ാം ന. കു. ആ. (✻ക. മ. തിരുനാ.) .൧൨ .൨ .൨ | പ |
| | | | അട്ടത്ത ചൊവ്വാ ഇ. വിലക്ക. | |
| 12 | 27 | തി | പാ. വേ. ഉവ്വാനോസ്സ മെയിവ്വ ന. ആ. കു. പെ. | ചു |
| | | | ✻ പ മാ. ൧-ാം ഗ്രിഗോരി മെയിവ്വ | വെ |
| 13 | 28 | ചൊ | പാ. വേ. എലവുത്തേരി മെയിവന്ന ന. ആ. കു. പെ. | ചു |
| | | | ✻ മാ. പിച്ചിപ്പനേര മെയിവന്ന ഇ. വി. | വെ |
| 14 | 29 | ബു | (✠) ശു. കരിശിൻ പുകഴ്ച ന. ക. (പെ. കമ്മസ. പു. ദ. വി) | ചു |
| 15 | 30 | വ്യാ | ക. മാ. പിറ. എട്ടാം ന. ആ. കു. പെ. | വെ |
| 16 | 31 | വെ | വേ. കൊർണ്ണേലി കൂട്ട. ന. ആ. കു. പെ. | ചു |
| 17 | 1 | ശ | ✻ അഞ്ചുകായം പ്രംസിസ്സു. ന. ആ. കു. പെ. | വെ |
| 18 | 2 | ഞാ | ✠ പന്തക്കു ൧൪-ാം ന. കു. ആ　　൨൩൧൭ .൧൫ .൨ .൫ | പ |
| | | | ക. മാ. വ്യാകുലം ന. ആ. കു. പെ. | വെ |
| | | | അട്ടത്ത ചൊവ്വാ ബുധൻ ഇ. വിലക്ക. | |
| 19 | 3 | തി | യാനുവാരിയും കൂട്ട. ന. ആ. കു. പെ. | ചു |
| 20 | 4 | ചൊ | മത്തായി ശ്ലീ. തലേ. ന. ആ. കു. തലേ. ഇ. വി. | ദോ |
| 21 | 5 | ബു | (✠) മത്തായി ശ്ലീ. ന. കു. പെ. ഇ. വി.　(പട്ടം | ചു |
| 22 | 6 | വ്യാ | വേ. മൗറിത്തിയോസ്സും കൂട്ട. ലോകന. ആ. കു. പെ. | ചു |
| | | | ✻ അ. മാ. തോമാ വില്ലനോ. | വെ |
| 23 | 7 | വെ | പാ. വേ. ലീനോസ ന. ആ. കു. പെ.　പട്ടം | ചു |
| 24 | 8 | ശ | ✻ മനുഷ്യന്നമാതാവു ന. ആ. കു. പെ.　പട്ടം | വെ |
| 25 | 9 | ഞാ | ✠ പന്ത. ൧൫-ാം ന. കു. ആ. ൧൫.൧൭.൨ വല്ലൂർ ദശനതിരു. | പ |
| 26 | 10 | തി | വേ. കുപ്രിയാനോസ്സും കൂട്ട, ന. ആ. കു. പെ. | ചു |
| 27 | 11 | ചൊ | വേ. കൊസ്മോസ്സും കൂട്ട. ന. ആ. കു. പെ. | ചു |
| 28 | 12 | ബു | ✻ രാജ. വേ. ബെഞ്ചെസ്ലാവോസ്സ ന. ആ. കു. പെ. | ചു |
| 29 | 13 | വ്യാ | (✠) മിഖായേൽ മാലാ. പള്ളിക്കൂദാശ ന. കു. പെ. | വെ |
| | | | 29, 30, ഒക്ടോ 1, പാവർട്ടിആശ്രമ. നല്ലതുമണി. | |
| 30 | 14 | വെ | പട്ട. മ. ഈറാനീമ്മോസ്സ ന. ആ. കു. പെ. | വെ |

Printed and Published for the Proprietor by P. K. Joseph, at the
St. Joseph's Press Mannanam, 1927